©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്
## (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

## PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്
## (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

## PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1005/2024.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 20 |

# സബ്ജക്ട് കമ്മിറ്റി VII
## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും 2023 ഡിസംബർ 7-ലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം 2023-26 കാലയളവിലേക്കായും രൂപീകരിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 7-6-2023, 8-8-2023, 10-8-2023, 22-2-2024, 28-2-2024, 6-3-2024 എന്നീ തീയതികളിലായി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 7-6-2023-ലെ യോഗത്തിൽ ചട്ടം 235 (എ) പ്രകാരം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ സമിതി വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്തു. 8-8-2023-ലെ യോഗത്തിൽ 2023-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർവേജസ് (ഭേദഗതി) ബിൽ പരിഗണിച്ചു. 10-8-2023-ലെ യോഗത്തിൽ സമിതി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ 2020-21-ലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക എന്നിവ പരിഗണിച്ചു. 22-2-2024, 28-2-2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിന്മേൽ പരിശോധന നടത്തി. 6-3-2024-ലെ യോഗത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 67% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.- കൾ |
| അദ്ധ്യായം IV | - | നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം |
| അദ്ധ്യായം V | - | നിയമസഭ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | (a) 2023-24- ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന വിധത്തിൽ |
| അദ്ധ്യായംVII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2024 ജൂലൈ 10.

## റിപ്പോർട്ട്

### അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർവേജസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10-8-2023-ന് സഭയിൽ സമർപ്പിച്ചു.
2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 11-9-2023-ന് സഭയിൽ സമർപ്പിച്ചു.
3. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിച്ചു.

### അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

1. 2023-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർവേജസ് (ഭേദഗതി) ബിൽ 8-8-2023-ലെ യോഗത്തിൽ സമിതി ഭേദഗതികളോടെ അംഗീകരിച്ചു.

### അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

ഇല്ല

### അദ്ധ്യായം IV

## നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗങ്ങളുടെ വിശദാംശം

സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് 7-6-2023-ലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

<u>അദ്ധ്യായം V</u>

## നിയമസഭ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| (1) | (2) | (3) | (4) | (5) |
| 1 | XXXIX—വൈദ്യുത പദ്ധതികൾ | 2022-23 | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 9-8-2023 |
| 2 | XXXIX—വൈദ്യുത പദ്ധതികൾ | 2022-23 | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ - കേരള) | 9-8-2023 |
| 3 | XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2022-23 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 9-8-2023 |
| 4 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | വ്യാവസായിക പരിശീലന വകുപ്പ് | 9-8-2023 |
| 5 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) | 9-8-2023 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) | 9-8-2023 |
| 7 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 9-8-2023 |
| 8 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ) | 9-8-2023 |
| 9 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് | 9-8-2023 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (ലേബർ കമ്മീഷണറേറ്റ്) | 9-8-2023 |
| 11 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് [കിലെ] ) | 9-8-2023 |
| 12 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (ഓവർസീസ് ഡെവലപ്മെന്റ് & എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് [ഒഡെപെക്ക്] ) | 9-8-2023 |
| 13 | XXXIX—വൈദ്യുത പദ്ധതികൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് [കെ.എസ്.ഇ.ബി.എൽ. ) | 30-1-2024 |
| 14 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2021-22 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 30-1-2024 |

## അദ്ധ്യായം VI

## (a) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൺ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലും സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുണ്ട്.

## (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതിറിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന വിധത്തിൽ)

**1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ശിപാർശ

2230-01-103-34-(10)—കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമനിധി പദ്ധതി - സംഭാവന

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 16)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ വിഷയനിർണ്ണയ സമിതി ശിപാർശയിന്മേൽ പദ്ധതിയ്ക്ക് അധിക തുക വകയിരുത്തുന്നതിനുള്ള ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക തുക നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകത്തിൽനിന്നും അനുവദിക്കുന്ന കാര്യം പരിശോധിക്കുവാനും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയ്ക്ക്, നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകത്തിൽ നിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക തുക വ്യക്തമാക്കുവാൻ ലേബർ കമ്മീഷണർക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുള്ളതുമാണ് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ-മരാമത്ത് പണികൾ

വിഹിതം : 13,03,00,000 രൂപ (പദ്ധതി)

2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.കൾക്കുമുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിടനിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.97 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 67)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2210-01-102-99—ഭരണവിഭാഗം

വിഹിതം : 9,52,03,000 രൂപ (പദ്ധതിയേതരം)

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ ഉപയോഗത്തിനായി മോട്ടോർ വാഹനങ്ങൾ വാങ്ങൽ 21[1] ഇനത്തിൽ 10 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 2.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 68)

സർക്കാർ സ്വീകരിച്ച നടപടി

മോട്ടോർ വാഹനങ്ങൾ വാങ്ങൽ 21(1) ഇനത്തിൽ സ. ഉ. (സാധാ.) നം. 1077/ 2022/ധന. തീയതി 15-2-2022 പ്രകാരം ധന പുനഃക്രമീകരണം വഴി 8,07,000 രൂപ അനുവദിച്ചു. 8,06,410 രൂപയ്ക്ക് മോട്ടോർ വാഹനം വാങ്ങി.

വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ സ. ഉ. (സാധാ.) നം. 4817/2021/ധന. തീയതി 6-7-2021 പ്രകാരം അധികധന അനുമതിയിൽ 2,00,000 രൂപ വകയിരുത്തിയെങ്കിലും നടപടിക്രമം പൂർത്തിയാകാത്തതിനാൽ ആ സാമ്പത്തിക വർഷം തന്നെ തുക ചെലവായില്ല.

<u>ശിപാർശ</u>

2210-01-102-98—<u>ഡിസ്പെൻസറികൾ</u>

വിഹിതം : 1,94,25,38,000 രൂപ (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ 2021-22 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.34 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 16.34 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)]-ൽ സ. ഉ. (സാധാ.)നം. 1077/2022/ധന. തീയതി 15-2-2022 പ്രകാരം ധന പുനഃക്രമീകരണം വഴി 1,00,000 രൂപ ഉൾപ്പെടുത്തിയതിൽ 86,996 രൂപ ചെലവഴിച്ചു.

വെള്ളക്കരം (34(1)) ഇനത്തിൽ യഥാർത്ഥ ബജറ്റ് അനുവദിച്ച തുകക്കുള്ളിൽ ചെലവുകൾ ചെയ്യാൻ കഴിഞ്ഞതിനാൽ അധിക തുകയ്ക്ക് അപേക്ഷ നൽകിയില്ല.

പി.ഒ.എൽ.(45) ഇനത്തിൽ സ. ഉ. (സാധാ.) നം. 1077/2022/ധന. തീയതി 15-2-2022 പ്രകാരം 1,50,000 രൂപ ധന പുനഃക്രമീകരണം വഴി ഉൾപ്പെടുത്തിയതിൽ 1,00,543 രൂപ ചെലവായി.

<u>ശിപാർശ</u>

2210-01-102-96—<u>ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം : 73,40,43,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2021-22 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 19 കോടി രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [04] ഇനത്തിൽ 5 കോടി രൂപയും

വാഹനം വാങ്ങൽ [05] ഇനത്തിൽ 0.9999 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും ഇ.എസ്.ഐ. പദ്ധതികൾക്ക് വൈദ്യസുരക്ഷ നൽകുന്നതിന് വേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 2.03 കോടി രൂപയും ഉൾപ്പെടെ ആകെ 33.0299 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 70)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഡ്രഗ്സും ഡ്രസ്സിംഗ്സും (01) ഇനത്തിൽ 45 കോടി രൂപ (സാ.ഉ(സാധാ)നം. 7443/2021/ധന. തീയതി 19-11-2021 പ്രകാരം 19 കോടി രൂപയും സ. ഉ. (സാധാ.)നം. 1717/2022/ധന. തീയതി 9-3-2022 പ്രകാരം 26 കോടി രൂപയും)അധിക ധന അനുമതി പ്രകാരം അനുവദിച്ചതിൽ 44,99,54,618 രൂപ ചെലവഴിച്ചു.

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് (04) ഇനത്തിൽ 5 കോടി രൂപയും വാഹനം വാങ്ങൽ (05) ഇനത്തിൽ 0.9999 ലക്ഷം (0.9999 കോടി രൂപയ്ക്കാണ് സമിതിയ്ക്ക് അപേക്ഷ നൽകിയത്) രൂപയും ശുപാർശ ഉണ്ടായിരുന്നെങ്കിലും അധികതുകയ്ക്ക് അപേക്ഷ നൽകിയില്ല.

യന്ത്രോപകരണങ്ങൾ വാങ്ങൽ (07) ഇനത്തിൽ 3,50,74,000 രൂപ സ. ഉ. (സാധാ.)നം. 4262/2021/ധന. തീയതി 2-6-2021 പ്രകാരം അധിക ധന അനുമതി അനുവദിച്ചതിൽ 2,17,17,635 രൂപയേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ, വിതരണ ഉത്തരവ് നൽകിയ ചില ഉപകരണങ്ങൾ മാർച്ച് 31-ന മുമ്പ് ലഭിക്കാത്തതിനാലാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തത്.

ഇ.എസ്.ഐ. പദ്ധതികൾക്ക് വൈദ്യസുരക്ഷ നൽകുന്നതിന് വേണ്ടിയുള്ള ചെലവ് (12) ഇനത്തിൽ 2.9 കോടി രൂപയും സ. ഉ. (സാധാ.)നം. 4262/2021/ധന. തീയതി 2-6-2021 പ്രകാരം അധിക ധന. അനുമതി അനുവദിച്ചു. 2,90,00,000 രൂപയും ചെലവഴിച്ചു.

<u>ശിപാർശ</u>

2801-80-101-99—<u>വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2021-22 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും

20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2021-22-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക : 71)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 2021-ലെ താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കിയതു മൂലമുള്ള നഷ്ടം നികത്തുന്നതിനും 20 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുത ചാർജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്തുന്നതിനുമായി ആകെ 769.04 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പ് നിരസിച്ച സാഹചര്യത്തിൽ അധിക തുക അനുവദിക്കാൻ കഴിയുകയുണ്ടായില്ല. ആയതിനാൽ പ്രസ്തുതയിനത്തിൽ 2020-21-ൽ ചെലവായ ആകെ തുകയായ 379.54 കോടി രൂപ 8-10-2021-ലെ ബോർഡ് ഉത്തരവ് പ്രകാരം സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിലും ഈയിനത്തിൽ താൽക്കാലിക കണക്ക് പ്രകാരം 387.51 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് ചെലവായിട്ടുണ്ട്. 2021-22 -ലെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കെ.എസ്.ബി.എൽ-ന് നൽകേണ്ട തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുന്നതാണ്.

<u>ശിപാർശ</u>

സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി അവരുടെ വീടുകളിൽ ELCB സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 30,000 കുടുംബങ്ങൾക്ക് ELCB ഏർപ്പെടുത്തുന്നതിന് പുതിയ ശീർഷകം അനുവദിച്ച് ആയതിലേക്ക് 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 83)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ ബി. പി. എൽ. വിഭാഗത്തിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻ നിർത്തി അവരുടെ വീടുകളിൽ ELCB സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായ വയനാട്, പാലക്കാട് ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി ഒരു വീട്ടിൽ 9 പോയിന്റ് ഉൾപ്പെടെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിക്കാൻ നിലവിൽ 22,638 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ആയത് പ്രകാരം പ്രസ്തുത പദ്ധതി വയനാട് ജില്ലയിൽ എസ്. സി ബി. പി. എൽ., എസ്. ടി ബി. പി. എൽ., രണ്ട് വിഭാഗത്തിലും നടപ്പിലാക്കാൻ വീടൊന്നിന് 22,638 രൂപ എന്ന നിരക്കിൽ 12 കോടി രൂപയും പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ 199 കോടി രൂപയും ആവശ്യമായി വരും. ധനാഭ്യർത്ഥനയിൽ 30,000 വീടുകൾക്ക് 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്നത് പര്യാപ്തമല്ലാത്തതിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2810-00-800-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം)</u>

വിഹിതം : 3,41,10,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി 7.1627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 84)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തിൽ അനർട്ടിന് ബഡ്ജറ്റ് വിഹിതമായി 2810-00-800-99-36 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 3,41,10,000 രൂപ (മൂന്ന് കോടി നാൽപത്തിഒന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം) റിലീസ് ചെയ്തതിനുശേഷം, അധിക വിഹിതത്തിനായി അനെർട്ടിൽ നിന്നും ശിപാർശ സമർപ്പിച്ചിട്ടില്ലാത്തതിനാൽ, ഭരണ ചെലവുകൾക്കായി 7.1627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം തൊഴിലും നൈപുണ്യവും, ഊർജ്ജ വകുപ്പുകൾ ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 68, 69, 70, 71, 84 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രിക 15-3-2023 നം 16, 67, 83 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രിക 9-8-2023-നം സഭയിൽ സമർപ്പിച്ചു.)

**2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2810-00-800-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം )</u>

വിഹിതം : 3,41,10,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.1275 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 78)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ അനെർട്ടിന് ബഡ്ജറ്റ് വിഹിതമായി 2810-00-800-99-36 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 3,41,10,000 രൂപ (മൂന്ന് കോടി നാൽപത്തി ഒന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം)യിൽ 3,09,11,000 രൂപ മാത്രമേ റീലീസ് ചെയ്തിട്ടുള്ളുവെന്നതിനാൽ, ഭരണചെലവുകൾക്കായി 7.1275 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 78-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും

1. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

ശിപാർശ

8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) വാഹനങ്ങളിൽ പോയി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഓരോ മൈഗ്രന്റ് സ്ക്രീനിംഗ് ടീമിലും ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഡ്രൈവർ എന്നിവരെ നിയോഗിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ക്യാമ്പ് നടത്തിയ സ്ഥലങ്ങളിലെല്ലാം (ഫറോക്ക് ഒഴിച്ച്) ഡോക്ടർമാരും ആരോഗ്യവകുപ്പും നല്ല സഹകരണം തന്നെയാണ് വകുപ്പിന് നൽകിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ആരോഗ്യ വകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇത്തരത്തിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 28)

സർക്കാർ സ്വീകരിച്ച നടപടി

1. തിരുവനന്തപുരം

ജില്ലയിൽ ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, ഡ്രൈവർ (വാഹനം ഉൾപ്പെടെ) എന്നിവരടങ്ങുന്ന സ്റ്റാഫ് പാറ്റേൺ നിലവിൽ സ്ക്രീനിംഗ് ക്യാമ്പ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി വരുന്ന High Risk area കളിൽ (നഗര ചേരികൾ, തീരപ്രദേശങ്ങൾ) മലേറിയ, ഫൈലേറിയ, കാല-അസർ തുടങ്ങിയ വെക്ടർ ബോൺ രോഗങ്ങൾ കണ്ടെത്തുകയും നിരീക്ഷിക്കുകയും ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്തുവരുന്നു. Health education, Migrant mapping, vector surveillance എന്നിവയാണ് പ്രസ്തുത ടീമിന്റെ ചുമതല.

2. കൊല്ലം

ജില്ലയിൽ ആരോഗ്യവകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ടീം (MIST TEAM) ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ

തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ മലേറിയ ലെപ്രസി TB/DVC/ITC ടീമുകൾ ചേർന്നാണ് നടത്തിവരുന്നത്. ജില്ലയിൽ 2021 മെയ് മാസം ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് 5 ലേബർ ക്യാമ്പുകൾ നടത്തുകയുണ്ടായി. ലേബർ ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയ ക്യാമ്പ് സെന്ററുകളിൽ ബന്ധപ്പെട്ട ടീം (TB/Leprosy/filaria/HIV Screening) സന്ദർശിച്ചാണ് സ്ക്രീനിംഗ് നടത്തിവരുന്നത്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമായി 24-6-2021 തീയതിയിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് തീരപ്രദേശത്തും കോവിഡ് ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

3. പത്തനംതിട്ട

ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ് നടത്തുന്നുണ്ട്. ക്യാമ്പിലേയ്ക്ക് ജില്ലാ ലേബർ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് ബന്ധപ്പെട്ട ക്യാമ്പ് സ്ഥലങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരുൾപ്പെടുന്ന ടീമിനെ അതാത് പ്രദേശത്തെ ആരോഗ്യസ്ഥാപന മേധാവികളെ ചുമതലപ്പെടുത്തി നിയോഗിച്ചുവരുന്നു.

4. ആലപ്പുഴ

ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രധാനമായും ഉള്ളത് അരൂർ കായംകുളം മേഖലകളിലാണ്. ആയതിനാൽ നോർത്ത് ആലപ്പുഴ, സൗത്ത് ആലപ്പുഴ എന്നിങ്ങനെ രണ്ട് ടീം രൂപീകരിച്ചിരിക്കുന്നു.

നോർത്ത് ആലപ്പുഴ ടീമിന്റെ ഘടന

മെഡിക്കൽ ഓഫീസർ (അരൂർ കുടുംബാരോഗ്യകേന്ദ്രം), ലാബ്ടെക്നീഷ്യൻ (അരൂർ കുടുംബാരോഗ്യകേന്ദ്രം) ഡ്രൈവർ & വെഹിക്കിൾ (തൊഴിൽ വകുപ്പ്) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (തുറവൂർ ബ്ലോക്ക്)

സൗത്ത് ആലപ്പുഴ ടീമിന്റെ ഘടന

മെഡിക്കൽ ഓഫീസർ (താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം), ലാബ്ടെക്നീഷ്യൻ (താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം) ഡ്രൈവർ & വെഹിക്കിൾ (തൊഴിൽ വകുപ്പ്) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 2 പേർ (വള്ളിക്കുന്നം പി. എച്ച്. സി. & മുളക്കുഴ പി. എച്ച്. സി.)

തൊഴിൽ വകുപ്പുമായി ചേർന്ന് ഇതുവരെ 14 ക്യാമ്പുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ക്യാമ്പുകളിൽ അതിഥി തൊഴിലാളികൾക്ക് മലേറിയയുടെ RDT KIT ഉപയോഗിച്ചുള്ള പരിശോധന പൂർത്തിയാക്കി.

മന്തുരോഗനിർണ്ണയത്തിനുള്ള രക്ത പരിശോധനയും ലെപ്രസി സ്ക്രീനിംഗും നടത്തി കോവിഡ് വാക്സിനേഷൻ എടുക്കാനുണ്ടായിരുന്നവർക്ക് വാക്സിനേഷൻ നല്കി. പുതുതായി വന്നുകൊണ്ടിരിക്കുന്ന അതിഥി തൊഴിലാളികളെ ഉൾപ്പെടുത്തി തുടർന്നും ക്യാമ്പുകൾ നടത്തുന്നതാണ്. ജില്ലാ കളക്ടർ, മേൽ പ്രവർത്തനങ്ങളെല്ലാം വിശകലനം ചെയ്തുവരുന്നു.

5. കോട്ടയം

കോട്ടയം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ വിവരങ്ങൾ (സ്ഥലം, ക്യാമ്പിൽ പങ്കെടുത്ത തൊഴിലാളികളുടെ എണ്ണം മുതലായവ) താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഗ്ലെൻ റോക്ക് റബ്ബർ ഫാക്ടറി, എലിക്കുളം പഞ്ചായത്ത്, കാഞ്ഞിരപ്പിള്ളി | - | 180 |
| സാജ്കോ കുറിച്ചി ഔട്ട് പോസ്റ്റ് ജംഗ്ഷൻ, ചങ്ങനാശ്ശേരി | - | 75 |
| മിഡാസ് റബ്ബേഴ്സ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് , ഏറ്റുമാന്നൂർ | - | 100 |
| ഈരാറ്റുപേട്ട വ്യാപാര വ്യവസായ ഏകോപന സമിതി ഓഡിറ്റോറിയം | - | 85 |
| പാരഗൺ റബ്ബർ ഫാക്ടറി ചെട്ടിക്കുന്ന്, നാട്ടകം | - | 147 |
| ഡോൾഫിൻ റബ്ബർ ഫാക്ടറി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പുതുപ്പള്ളി | - | 80 |
| ആൻസ് ബേക്കറി, കൺഫെക്ഷനറി ലിമിറ്റഡ് കത്തിഡ്രൽ ചർച്ച് റോഡ്, പാലാ | - | 100 |
| വ്യാപാര ഭവൻ, വക്കം | - | 83 |
| നിറപറ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ചങ്ങനാശ്ശേരി | - | 75 |
| കേള ചന്ദ്ര പൈപ്പ്സ്, ചിങ്ങവനം | - | 157 |

6. ഇടുക്കി

തൊഴിൽ വകുപ്പുമായി ചേർന്ന് ആരോഗ്യ വകുപ്പ് അതിഥി തൊഴിലാളികളുടെ ഇടയിൽ മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് മെഡിക്കൽ ടീമിനെ (MST) രൂപീകരിക്കുകയും നിലവിൽ അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പി.എച്ച്.സി./എഫ്.എച്ച്.സി./ സി.എച്ച്.സി. തലത്തിലും ഡി.വി.സി. യൂണിറ്റ് തലത്തിലും മെഡിക്കൽ ടീം മൈഗ്രന്റ് സ്ക്രീനിംഗ് കൃത്യമായി നടത്തിവരുന്നു. ഫൈലേറിയ, മലേറിയ എന്നിവ കണ്ടെത്തി ചികിത്സ നൽകുകയും അതോടൊപ്പം തന്നെ ത്വക്ക് രോഗങ്ങൾക്ക് ചികിത്സ നൽകുകയും ചെയ്യുന്നു.

7. എറണാകുളം

ജില്ലയിൽ പ്രവർത്തിക്കുന്ന എം.എസ്.ടി ടീമിൽ ഒരു ഡോക്ടർ, 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ലാബ് ടെക്നീഷ്യൻ, ഡ്രൈവർ എന്നീ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ജില്ലയിലെ മലേറിയ നിർമ്മാർജനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ തുടർന്നുവരുന്നു. 2022 ഡിസംബറിൽ മലേറിയ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട അഞ്ച് ജില്ലകളിൽ ഒന്നാണ് എറണാകുളം ജില്ല. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷനിലും മലേറിയ നിർമ്മാർജ്ജന പ്രഖ്യാപനം സമയബന്ധിതമായി നടന്നിട്ടുണ്ട്. ജില്ലാതല മലേറിയ നിർമ്മാർജ്ജന പ്രഖ്യാപനം സെൻട്രൽ ടീമിന്റെ സന്ദർശനത്തിനുശേഷം നടത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജില്ലയിൽ, മലേറിയ കണ്ടെത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷമായി (2018 മുതൽ 2022 വരെ) നടത്തിയ രക്ത പരിശോധനകളുടെ എണ്ണവും കേസുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 2018 | - | 290434 | - | 100 |
| 2019 | - | 299907 | - | 74 |
| 2020 | - | 156895 | - | 84 |
| 2021 | - | 146845 | - | 41 |
| 2022 | - | 176610 | - | 35 |

കഴിഞ്ഞ അഞ്ച് വർഷമായി എറണാകുളം ജില്ലയിൽ ഒരു തദ്ദേശ മലമ്പനി കേസു പോലും റിപ്പോർട്ട് ചെയ്യിട്ടില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വ്യക്തികളിലും മറ്റ് സംസ്ഥാനങ്ങളിലും രാജ്യത്തിനു പുറത്തും പോയി വരുന്ന വ്യക്തികളിലുമാണ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

കൂടുതൽ കേസുകൾ കണ്ടു വരുന്നത് ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ആയതിനാൽ എം.എസ്.ടി. ടീം പ്രസ്തുത തൊഴിലാളികളുടെ ഇടയിൽ ക്യാമ്പുകളും മലേറിയ സ്ക്രീനിങ്ങും നടത്തുന്നുണ്ട്. അത്തരത്തിൽ നടത്തിയ ക്യാമ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മൈഗ്രന്റ് സ്ക്രീനിംഗ് (2018-ൽ 42, 2019-ൽ 0, 2020-ൽ 0, 2021-ൽ 385, 2022-ൽ 142), മലേറിയ സ്ക്രീനിംഗ് (2018-ൽ 3200, 2019-ൽ 1979, 2020-ൽ 0, 2021-ൽ 5183, 2022-ൽ 7519). ഈ വർഷങ്ങളിൽ മലേറിയ പോസിറ്റീവ് കേസുകൾ ഒന്നും കണ്ടെത്തിയില്ല.

2022-ൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ നടത്തിയ രാത്രികാല രക്തപരിശോധനയിൽ 30 മൈക്രോഫൈലേറിയ കേസുകൾ കണ്ടെത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പുമായി ചേർന്ന് മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് എം.എസ്.ടി. ടീമിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. തൃശ്ശൂർ

തൃശ്ശൂർ ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ Malaria, Filaria, TB, HIV, Leprosy എന്നീ രോഗങ്ങൾ കണ്ടെത്തുന്നതിനായി എല്ലാ മാസവും മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. മുൻകൂട്ടി തയ്യാറാക്കുന്ന പ്രവർത്തന രൂപരേഖ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് നൽകി അവരുടെ പൂർണ്ണ സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നത്. ജില്ലാ മൈഗ്രന്റ് സ്ക്രീനിംഗ് ടീമിനോടൊപ്പം ജില്ലാ ടി.ബി ഓഫീസർ, ജില്ലാ ലെപ്രസി ഓഫീസർ എന്നിവരുടെ ടീമും സഹകരിച്ചാണ് ഇത്തരം ക്യാമ്പുകൾ നടത്തുന്നത്. എല്ലാ മാസവും ഇത്തരത്തിൽ നടത്തപ്പെടുന്ന ക്യാമ്പുകളുടെ പ്രവർത്തന റിപ്പോർട്ട് അതത് മാസം തന്നെ അവലോകനം ചെയ്യുന്നുമുണ്ട്.

9. പാലക്കാട്

പാലക്കാട് ജില്ലയിൽ മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പ് രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ആവശ്യമായ സ്റ്റാഫിനെ എൻ. എച്ച്.എം. മുഖേന നിയമിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു എന്നും പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

10. കോഴിക്കോട്

ജില്ലയിൽ തൊഴിൽ വകുപ്പുമായി സഹകരിച്ച് മൊബൈൽ സ്ക്രീനിംഗ് ടീമിനെ ഉൾപ്പെടുത്തി അതിഥി തൊഴിലാളികളുടെ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ ഇവർക്ക് ആവശ്യമായ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും അതിഥി തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങൾ സന്ദർശിച്ച് പകർച്ചവ്യാധികൾ തടയുന്നതിനാവശ്യമായ മലമ്പനി നിർണ്ണയത്തിനായി രക്ത സാമ്പിളുകൾ, ആർ.ഡി.ടി. പരിശോധനയും നടത്തി. ക്യാമ്പുകൾ നടത്തിയതിൽ 536 സാമ്പിളുകൾ പരിശോധിച്ചതിൽ ഒന്നുംതന്നെ മലമ്പനി പോസിറ്റീവ് ആയിട്ടില്ല.

11. മലപ്പുറം

ജില്ലയിൽ തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനായി ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുൾപ്പെട്ട ഒരു ടീമിനെ എൻ.എച്ച്.എം. മുഖേന നിയമിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്നു.

12. വയനാട്

ജില്ലയിൽ ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ലാബ് ടെക്നീഷ്യൻ, ഡ്രൈവർ എന്നിവർ ഉൾപ്പെടുന്ന ഒരു മെഡിക്കൽ ടീമിനെ രൂപീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്കായി MIST പ്രോഗ്രാം നിലവിൽ നടത്തിവരുന്നുണ്ട്. ആയതിനുള്ള പരിശീലനവും പൂർത്തീകരിച്ചിട്ടുണ്ട്.

13. കണ്ണൂർ

ജില്ലയിൽ അതിഥി തൊഴിലാളികളിൽ സാംക്രമിക രോഗവാഹകരെ കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും നിലവിൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന് കീഴിലെ പൊതുജനാരോഗ്യവിഭാഗവും നഗര പ്രദേശങ്ങളിൽ ജില്ല വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിലും സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നു. 2021 ജനുവരി മുതൽ നവംബർ വരെ 270 ക്യാമ്പുകൾ സംഘടിപ്പിച്ച് അതിഥി തൊഴിലാളികളെ പരിശോധിക്കുകയും 21 മന്തുരോഗവാഹകർ, 7 കുഷ്ഠരോഗവാഹകർ കൂടാതെ മലമ്പനി കേസുകളും കണ്ടെത്തി ചികിത്സ നല്കിയിട്ടുണ്ട്. പ്രസ്തുത പരിപാടി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജീവനക്കാരെ നിയോഗിച്ച് ജില്ലാ തലത്തിൽ പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

14.കാസർഗോഡ്

ജില്ലയിൽ ഒരു മെഡിക്കൽ ഓഫീസർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവർ ഉൾപ്പെടുന്ന മൈഗ്രന്റ്/സ്ക്രീനിംഗ് ടീം സജ്ജീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ, ക്വാർട്ടേഴ്സുകൾ, നിർമ്മാണം നടക്കുന്ന കെട്ടിടങ്ങൾ മുതലായവ കേന്ദ്രീകരിച്ച് ആരോഗ്യ പരിപാലന ക്ലാസ്സുകൾ (പ്രധാനമായും രാത്രിയിൽ) നടന്നുവരുന്നുണ്ട്. ടീമിന് ആവശ്യമായ വാഹനം എൻ.എച്ച്.എം. വഴി ലഭ്യമാക്കിയിട്ടുണ്ട്.

2. KASE-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

ശിപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ജോബ് പോർട്ടൽ ആരംഭിച്ചതിനുശേഷം തുടങ്ങിയ സി.ഡി.സി.ക്ക് സ്റ്റുഡൻസിന്റെ ഭാഗത്തുനിന്നുണ്ടായതുപോലുള്ള പ്രതികരണം

ജോബ് പോർട്ടലിന് ഉണ്ടാകാത്തതിനാൽ അതിനായി ബോധവൽക്കരണ പരിപാടി നടത്തേണ്ടി വരുമെന്നും കേരളത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണവും ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണവും തമ്മിൽ വളരെ വ്യത്യാസമാണുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. താഴെക്കിടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് സഹായകരമായ നിലയിൽ ജോബ് പോർട്ടൽ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്റ്റേറ്റ് ജോബ് പോർട്ടലിനെ പറ്റി പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ദൃശ്യ മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങൾ വഴിയും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങൾ വഴിയും പരസ്യ പ്രചാരണങ്ങൾ നടത്തി വരുന്നു. യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഡാറ്റാ ബേസ്, സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. ഇതിലൂടെ കേരളത്തിൽ ഉടനീളമുള്ള വിവിധ സർവകലാശാലകളിൽ നിന്നും പാസാകുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പോർട്ടലിൽ പൂർത്തിയാവും. നിലവിൽ ഇപ്രകാരം 2,45,506 ഉദ്യോഗാർത്ഥികളുടെ പ്രാഥമിക രജിസ്ട്രേഷൻ പൂർത്തിയായി. സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ പ്രചാരണാർത്ഥം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കരിയർ കൗൺസിലിംഗ് ഉൾപ്പെടുത്തി തൊഴിൽ സാധ്യതകൾ വിശദീകരിക്കുന്ന ക്ലാസ്സുകൾ നടത്തുന്നത് പരിഗണനയിലുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും ജില്ലാ ആസൂത്രണ സമിതിയിൽ സ്റ്റേറ്റ് ജോബ് പോർട്ടൽ ഒരു അജണ്ടയായി ഉൾക്കൊള്ളിക്കുന്നതിനുള്ള അംഗീകാരം തേടുന്നുണ്ട്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലേയ്ക്കും അവർ വഴി പൊതുജനങ്ങളിലേക്കും സ്റ്റേറ്റ് ജോബ് പോർട്ടലിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനാകുമെന്ന് കരുതുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനും ഈ സംവിധാനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും കോർപ്പറേഷനുകളെയും സംയോജിപ്പിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ യുവജനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച യുവജന ക്ഷേമ കോർപ്പറേഷനുമായി ചർച്ചകൾ നടന്നുവരുന്നു. KASE ഉം യുവജന കമ്മീഷനും

സംയുക്തമായി സ്റ്റേറ്റ് ജോബ് പോർട്ടലിലൂടെ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പുരോഗമിക്കുന്നു. ഇതിന് പുറമേ പാലക്കാട് ജില്ലാ ഭരണകൂടവുമായി സഹകരിച്ചുകൊണ്ട് അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്റ്റേറ്റ് ജോബ് പോർട്ടലിലൂടെ ഒരു തൊഴിൽ മേള സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പുരോഗമിച്ചുവരുന്നു.

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2024 ജൂലൈ 8.

<u>അനുബന്ധം</u>

## 7-6-2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2023 ജൂൺ മാസം 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പു മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം. എൽ. എ.
2. ശ്രീ. പി. നന്ദകുമാർ, എം. എൽ. എ.

<u>വിഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ബി. അനിൽകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.
3. ശ്രീ. അജിത് കുമാർ, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
5. ശ്രീ. ജാഫർ എ.എം., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. ബി. സുരേന്ദ്രൻ പിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്

7. ശ്രീമതി ഷൈജ സി.ജി., ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

8. ഡോ. മാലിനി എസ്., ഡയറക്ടർ ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

9. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

10. ഡോ. വീണ എൻ. മാധവൻ, ഡയറക്ടർ, ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ്/ മാനേജിംഗ് ഡയറക്ടർ ഓഫ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

11. ശ്രീ. ശിവശങ്കരൻ കെ. പി., അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

12. ഡോ. സക്കീന കെ., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

13. ഡോ. റീന കെ.ജെ., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

14. ശ്രീ. ലിൻ ആർ. ഐ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

15. ശ്രീ. രഞ്ജിത്ത് പി. മനോഹർ, ജോയിന്റ് ലേബർ കമ്മീഷണർ.

16. ശ്രീ. സതീഷ് കുമാർ കെ. എൽ., ലേബർ വെൽഫയർ ഫണ്ട് കമ്മീഷണർ.

17. ശ്രീ. ബിജു. എ., ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, തൊഴിലും നൈപുണ്യവും വകുപ്പ്/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇൻ-ചാർജജ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്.

18. ശ്രീമതി രശ്മി എം. ബി., മാനേജർ (എച്ച്. ആർ.)., കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്.

19. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ.

20. ശ്രീ. ജോൺസൺ ഡാനിയേൽ, ഹെഡ് (NMEEE & DSM), ഡിവിഷൻ, എനർജി മാനേജ്മെന്റ് സെന്റർ.

21. ശ്രീ. സന്ദീപ് കെ., എനർജി ടെക്നോളജിസ്റ്റ്, എനർജി മാനേജ്മെന്റ് സെന്റർ.

22. ശ്രീമതി ശോഭ വി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

23. ശ്രീ. വിനോദ് ടി. വി., ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

24. ശ്രീ. കെ. എം. സുനിൽ, സെക്രട്ടറി, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് .

25. ശ്രീ. ഹരികുമാർ സി., സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്.

26. ശ്രീ. സുനിൽ തോമസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.

27. ശ്രീ. സുരേഷ് എം. ജി., ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.

28. ശ്രീമതി എ. ബിന്ദു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.

29. ശ്രീമതി സിനി എം., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്.

30. ശ്രീ. ജിജി ടി.എം., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.

31. ശ്രീ. കെ. ശ്രീലാൽ, ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്.

32. ശ്രീമതി ജലീസ കെ., ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.

33. ശ്രീമതി ബീനാമോൾ വർഗീസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.

34. ശ്രീ. മുഹമ്മദ് സയ്യിദ് കെ. എസ്., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.

35. ശ്രീ. ഷാജു കെ. എ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.

36. ശ്രീമതി ബിച്ച ബാലൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ആൻഡ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി.

37. ശ്രീമതി യമുന വി. പി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

38. ശ്രീ. കെ. ആർ. ലിജോ, എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിബോർഡ്.

39. ശ്രീമതി സുജാത ആർ.എസ്., ഫിനാൻസ് മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ.

40. ശ്രീ. എസ്. മനോജ്, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ് .

41. ശ്രീ. എം. കെ. സുരഭിഷ് ബാബു, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

42. വിനോദ് കുമാർ വി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

43. ശ്രീ. ടി. എൻ. മുഹമ്മദ് ഷഫീക്ക്, ഫിനാൻസ് ഓഫീസർ, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്.

44. ശ്രീ. എം. മുഹമ്മദ് ഹാരിസ്, ഫിനാൻസ് ഓഫീസർ, അനെർട്ട്.

45. ശ്രീ. ഉദയൻ സി.സി., ഫിനാൻസ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

46. ശ്രീ. അജികുമാർ ടി. എൽ., സീനിയർ സൂപ്രണ്ട്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്.

47. ശ്രീ. ശ്രീകുമാർ ആർ., സീനിയർ സൂപ്രണ്ട്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.

സമിതി, വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുക്കുകയും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചട്ടം 235 എ പ്രകാരം ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ12116/ സബ്.സി. സി1/2021/നി.സെ.)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ 16-ാം ഖണ്ഡികയിന്മേൽ തൊഴിലും നൈപുണ്യവും (എച്ച്), 68, 69, 70 എന്നീ ഖണ്ഡികകളിന്മേൽ തൊഴിലും നൈപുണ്യവും (എഫ്), 71-ാം ഖണ്ഡികയിന്മേൽ ഊർജ്ജം (എ), 84-ാം ഖണ്ഡികയിന്മേൽ ഊർജ്ജം (പി. എസ്.) എന്നീ വകുപ്പുകൾ കാലതാമസപത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - തുടർ നടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 13047/സബ്.സി. സി1/2022/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 4-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഇ), ഖണ്ഡിക 9-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി), 11, 14 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (എച്ച്), 17 മുതൽ 27 വരെയുള്ള ഖണ്ഡികകൾ, 44-ാം ഖണ്ഡിക എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (സി), 56, 57, 58 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (നോഡൽ-ബി), ഖണ്ഡിക 68-ലെ ശിപാർശയിന്മേൽ ഊർജ്ജ (എ) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 9-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്ഗ്രേഷ്യ നൽകാത്തതു സംബന്ധിച്ച് ആരാഞ്ഞപ്പോൾ ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ അനുവദിക്കേണ്ടതില്ലായെന്ന് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി തൊഴിലും നൈപുണ്യവും വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം പരിഗണിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി എക്സ്ഗ്രേഷ്യ കൊടുക്കേണ്ടതില്ല എന്ന് വ്യക്തമാക്കുന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

ഖണ്ഡിക 27-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ പുതിയതായി അനുവദിച്ച ഐ.ടി.ഐ.-കളുമായി ബന്ധപ്പെട്ട വിവരം വകുപ്പിനോട് സമിതി ആരായുകയും കഴിഞ്ഞ സാമ്പത്തിക വർഷം അഞ്ച് ഐ. ടി. ഐ. കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതായും ഈ സാമ്പത്തിക വർഷം നാല് ഐ.ടി.ഐ.-കൾ കൂടി ആരംഭിക്കാൻ തീരുമാനമായിട്ടുള്ളതായും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് അഡീഷണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. ലിംഗ്വിസ്റ്റിക് മേഖലയ്ക്ക് അനുവദിച്ച മൂന്ന് ഐ. ടി. ഐ.-കളുടെ നിർമ്മാണം പൂർത്തീകരിച്ച് നൽകുന്ന വിഷയം സംബന്ധിച്ച് സമിതിയിൽ മുൻപ് ചർച്ച ചെയ്തിരുന്നതായും തമിഴ്, കന്നട, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഇത് നൽകാൻ തീരുമാനിച്ചിരുന്നതായും മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 75 ശതമാനം ആളുകളും കന്നട ഭാഷ സംസാരിക്കുന്നവരാണെന്നും എന്നാൽ നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ ഐ.ടി.ഐ. സ്ഥിതി ചെയ്യുന്നത് ഭാഷാ ന്യൂനപക്ഷങ്ങൾ ഇല്ലാത്ത കണ്ണൂർ ജില്ലയുടെ ബോഡറിലാണെന്നും കന്നട ഭാഷാ ന്യൂനപക്ഷത്തിന് നൽകേണ്ട ഐ.ടി.ഐ. ആണ് ചീമേനിൽ സ്ഥാപിച്ചതെന്നും സമിതിയംഗം ശ്രദ്ധയിൽ പ്പെടുത്തി. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ ഐ.ടി.ഐ. അനുവദിക്കുന്നതിൽ അപാകതകളുണ്ടെങ്കിൽ ആയത് പരിശോധിക്കുന്ന കാര്യം ആലോചിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

3. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ5306/ സബ്.സി. സി1/ 2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 28-ലെ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4. KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ4151/ സബ്.സി. സി1/2019/നി.സെ.)

KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡിക 32-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി സ്റ്റേറ്റ് ജോബ് പോർട്ടലിനെക്കുറിച്ച് പരസ്യ പ്രചരണം നടത്തിയതിനെ തുടർന്നുണ്ടായ പ്രതികരണം സംബന്ധിച്ച് ആരാഞ്ഞു. യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുകയും ജില്ലാകളക്ടർ ചെയർപേഴ്സണായി രൂപീകരിച്ച ജില്ലാ സ്കിൽ കമ്മിറ്റികൾ മുഖേന പരസ്യ

പ്രചരണം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ജോബ് പോർട്ടലിൽ രജിസ്ട്രേഷന്റെ എണ്ണം വർദ്ധിച്ചിട്ടുള്ളതായും നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഇന്റർനാഷണൽ എന്ന വിംഗുമായി സഹകരിച്ച് ജോബ് ഫെയർ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്-ന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഖണ്ഡിക 32-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## II. സമിതിയുടെ 28-12-2021-ലെ യോഗതീരുമാനമനുസരിച്ച് ചട്ടം235 എ പ്രകാരം നടത്തിയ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച ചർച്ച

സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ചട്ടം 235 എ പ്രകാരം സമിതി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്</u>

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി ആരായുകയും 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൽ അൺ അറ്റാച്ച്ഡ് വിഭാഗത്തിൽ 38721 അംഗങ്ങളും 1999-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി (സ്കാറ്റേഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ 20634 അംഗങ്ങളുമാണുള്ളതെന്നും അൺ അറ്റാച്ച്ഡ് വിഭാഗത്തിലെ തൊഴിലാളികളുടെ പെൻഷൻ ക്ഷേമ ബോർഡിന്റെ ഫണ്ടിൽ നിന്നും സ്കാറ്റേഡ് വിഭാഗത്തിലെ തൊഴിലാളികളുടെ പെൻഷൻ ഗവൺമെന്റ് ഫണ്ടിൽ നിന്നുമാണ് നൽകുന്നതെന്നും 2023 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും കേരള ചുമട്ടുതൊഴിലാളിക്ഷേമബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

2. <u>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിക്കുകയും കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് സർക്കാർ ധനസഹായം വഴി 1,600 രൂപയാണ് പ്രതിമാസം പെൻഷൻ നൽകി വരുന്നതെന്നും 2023 ഫെബ്രുവരി വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞതായും എക്സ്ഗ്രേഷ്യ ധനസഹായമായി 10,000 രൂപ വരെയും ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് 25,000 രൂപയും മരണപ്പെട്ട അംഗത്തിന്റെ അംശദായ റീഫണ്ട് വകയിൽ 1,000 രൂപയും അംഗങ്ങളുടെ

മക്കളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടിക്ക് സ്വർണ്ണപ്പതക്കവും തൊട്ടു താഴെ മാർക്കു ലഭിക്കുന്ന കുട്ടിക്ക് 1,000 രൂപയും മറ്റ് ജില്ലാതല ഉന്നത വിജയികൾക്ക് 500 രൂപയും പാരിതോഷികമായി നൽകി വരുന്നതായും ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള പഠനത്തിന് വിദ്യാഭ്യാസ ഗ്രാന്റായി 500 രൂപ മുതൽ 5,000 രൂപ വരെ ധനസഹായം നൽകി വരുന്നതായും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

3. <u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിക്കുകയും ബോർഡിൽ 896370 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ നിലവിൽ 539587 പേരാണ് സജീവ അംഗങ്ങളായിട്ടുള്ളതെന്നും പ്രസ്തുത അംഗങ്ങൾക്ക് വിവിധ ധനസഹായം നൽകി വരുന്നതായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. സർക്കാർ ധനസഹായം വഴി 1,600 രൂപയാണ് പ്രതിമാസ പെൻഷൻ നൽകുന്നതെന്നും 2017-18, 2018-19 കാലയളവിൽ 26425 ഗുണഭോക്താക്കൾക്ക് 30,62,98,820 രൂപ പെൻഷൻ ഇനത്തിൽ കുടിശ്ശികയുള്ളതായും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ടി തുക നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും സി.ഇ.ഒ. അറിയിച്ചു. തയ്യൽ തൊഴിലാളികൾ അല്ലാത്തവർ ബോർഡിൽ അംഗങ്ങളാണോ എന്ന് സമിതി ആരാഞ്ഞതിന് തയ്യൽ തൊഴിലാളികളല്ലാത്തവർ ക്ഷേമനിധിയംഗങ്ങളല്ലെന്നും 1994-ൽ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുമുമ്പ് തയ്യൽ തൊഴിലിലൂടെ ഉപജീവനം നയിച്ചിരുന്ന കുറച്ചുപേർക്ക് നിലവിൽ ബോർഡിന്റെ തനതുഫണ്ടിൽ നിന്നും പെൻഷൻ നൽകി വരുന്നുണ്ടെന്നും റിട്ടയർമെന്റ് പെൻഷൻ മാത്രമാണ് സർക്കാരിന്റെ സഹായത്തോടെ നൽകുന്നതെന്നും രജിസ്റ്റർ ചെയ്ത് 60 വയസ്സ് പൂർത്തിയായവർക്ക് ആധാർ ലിങ്ക് ചെയ്തുകൊണ്ടുതന്നെയാണ് പെൻഷൻ നൽകുന്നതെന്നും സി.ഇ.ഒ. അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

4. <u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിക്കുകയും ബോർഡിൽ 2023 മാർച്ച് മാസം വരെ 735002 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും അതിൽ 472257 അംഗങ്ങൾ അംശദായമടച്ച് സജീവ അംഗങ്ങളായി നിലനിൽക്കുന്നുണ്ടെന്നും 2014 മുതലുള്ള അതിവർഷാനുകൂല്യ അപേക്ഷകർക്ക് ആനുകൂല്യം നൽകുന്നതിൽ കുടിശ്ശികയുണ്ടെന്നും 60 രൂപ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ (അടച്ച വർഷം X 625 രൂപ) പരമാവധി 25,000 രൂപ വരെ അതിവർഷാനുകൂല്യമായി

നൽകുന്നുണ്ടെന്നും ഏകദേശം 314645 അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും അതിനുവേണ്ടി 402 കോടി രൂപ ആവശ്യമായിട്ടുണ്ടെന്നും സർക്കാർ 100 കോടി രൂപ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷം വകയിരുത്തിയ 100 കോടി രൂപയിൽ 20 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു. ക്ഷേമനിധി ബോർഡ്, പെൻഷൻ നൽകുന്നില്ലെന്നും റിട്ടയർമെന്റ് ബെനിഫിറ്റാണ് നൽകുന്നതെന്നും എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകുന്നുണ്ടെന്നും സി.ഇ.ഒ. അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു. ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുമ്പോൾ മാന്വലായി അപേക്ഷ സ്വീകരിക്കുകയാണെങ്കിൽ ഒരേ ആളുകൾ വിവിധ ജില്ലകളിൽ അപേക്ഷ നൽകി അവിടെ നിന്നെല്ലാം ആനുകൂല്യം പറ്റുന്ന സാഹചര്യം ഉണ്ടാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും തികച്ചും സുതാര്യമായി ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനുമായി ക്ഷേമനിധി അംഗത്വത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. ഓൺലൈൻ മുഖേന സ്വീകരിക്കുകയാണെങ്കിൽ അപേക്ഷകളുടെ പരിശോധന എളുപ്പമാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

5. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 15 ലക്ഷത്തോളം വാഹനങ്ങളും 1105207 അംഗങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ 272720 പേരാണ് കൃത്യമായി അംശദായം അടച്ച് സജീവാംഗങ്ങളായിട്ടുള്ളതെന്നും അംഗങ്ങൾക്ക് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നതായും ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസമുണ്ടാകാറില്ലെന്നും അതത് മാസം നൽകേണ്ട ആനുകൂല്യങ്ങൾ അതത് മാസം തന്നെ നൽകുന്നുണ്ടെന്നും ബോർഡിന്റെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യ സമയത്തുതന്നെ നൽകുകയും റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്തുകൊണ്ട് പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടുപോകുകയാണെന്നും ഡാറ്റ എൻട്രിയുടെ സെർവർ തകരാറിലായത് മാറ്റി സ്ഥാപിക്കാൻ ചെറിയൊരു കാലതാമസമുണ്ടായിയെന്നും സെക്രട്ടറിയുടെ അനുമതിയോടുകൂടി ആയത് മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും സെർവറിൽ ഡാറ്റ കോപ്പി ചെയ്യുന്ന പ്രവൃത്തി രണ്ടോ മൂന്നോ ദിവസത്തിനകം പൂർത്തിയാകുമെന്നും ക്ഷേമനിധി ബോർഡ് സീനിയർ സൂപ്രണ്ട്

സമിതിയെ അറിയിച്ചു. ബോർഡ് കടം കൊടുത്ത തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ രണ്ടായിരം കോടി രൂപ സോഷ്യൽ സെക്യൂരിറ്റി ബോർഡിന് കൊടുത്തിരുന്നതിന്റെ പലിശ കൃത്യമായി ലഭിക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകിയ 150 കോടി രൂപയിൽ, 10 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുകയുടെ പലിശ കൃത്യമായി ലഭിക്കുന്നുണ്ടെന്നും സീനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

6. <u>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്</u> :

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധിയിൽ ആകെ 2454 അംഗങ്ങളും 857 പെൻഷൻകാരുമാണുള്ളതെന്നും പെൻഷൻ നൽകുന്നത് തനതുഫണ്ടിൽ നിന്നാണെന്നും കഴിഞ്ഞ മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും ക്ഷേമനിധി ബോർഡ് സി.ഇ.ഒ. അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

7. <u>കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധിയിൽ ആകെ 1532816 തൊഴിലാളികളും 210415 ഷോപ്പുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തനതുഫണ്ടിൽ നിന്നാണ് ആനുകൂല്യങ്ങൾ നൽകുന്നതെന്നും 4475 പെൻഷൻകാരുണ്ടെന്നും 2023 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും നിലവിൽ സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നുമില്ലെന്നും ക്ഷേമനിധി ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

8. <u>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u> :

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധിയിൽ ആകെ 259485 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 67544 പേരാണ് സജീവ അംഗങ്ങളായിട്ടുള്ളതെന്നും പൂർണ്ണമായും സർക്കാർ ധനസഹായത്തോടെയാണ് 1,600 രൂപ വീതം പെൻഷൻ നൽകുന്നതെന്നും പ്രസ്തുത ഫണ്ടിൽ നിന്നും അവശത പെൻഷൻ നൽകരുതെന്ന നിർദ്ദേശമുള്ളതിനാൽ അവശത പെൻഷൻ കുടിശ്ശികയുണ്ടെന്നും അതിനായി രണ്ട് കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതായും സി.ഇ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

9. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് :

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധി ബോർഡിൽ ആകെ 23281 അംഗങ്ങളുള്ളതിൽ 17990 അംഗങ്ങളാണ് നിലവിൽ അംശദായം അടയ്ക്കുന്നതെന്നും 19696 പെൻഷൻകാർക്ക് സർവ്വീസ് കാലയളവിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും 3,000 രൂപ മുതൽ 5,000 രൂപ വരെ പെൻഷൻ കൃത്യമായി നൽകുന്നുണ്ടെന്നും കൂടാതെ അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, അവശതാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ് തുടങ്ങിയവയും നൽകിവരുന്നുണ്ടെന്നും നിലവിൽ സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നുമില്ലെന്നും ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സമിതിയെ അറിയിച്ചു. ബോർഡിന്റെ ആസ്തി 2600 കോടി രൂപയാണെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഓഫീസർ ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

10. ലേബർ വെൽഫെയർ ഫണ്ട് ബോർഡ് :

ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികൾ, വൻകിട തോട്ടങ്ങൾ, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സഹകരണ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയ്ക്കു പുറമെ കെ.എസ്.ആർ.ടി.സി., സ്വകാര്യ/നാഷണലൈസ്ഡ് ബാങ്കിംഗ് സ്ഥാപനങ്ങൾ എന്നിവയാണ് ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്നതെന്നും ഇതുവരെയുള്ള കണക്കനുസരിച്ച് 520469 തൊഴിലാളികളും 18256 സ്ഥാപനങ്ങളും ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആനുകൂല്യങ്ങളെല്ലാം നൽകുന്നുണ്ടെന്നും പെൻഷൻ പദ്ധതി നിലവിലില്ലെന്നും ബോർഡിന്റെ ആസ്തി 17 കോടി രൂപയാണെന്നും ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

11. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി :

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. പദ്ധതിയിൽ ആകെ 327114 അംഗങ്ങളാണുള്ളതെന്നും സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകുന്നതെന്നും 2023 ഏപ്രിൽ മാസം വരെയുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടെന്നും പെൻഷൻ നൽകാനായി ലഭിച്ച തുകയിൽ നിന്നുള്ള ബാക്കി, കുടിശ്ശിക പെൻഷന് വേണ്ടി വിനിയോഗിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

12. <u>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</u> :

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പട്ട വിഷയം സമിതി പരിഗണിച്ചു. ബോർഡിൽ ആകെ 110843 അംഗങ്ങളുള്ളതിൽ 88746 പേരാണ് സജീവ അംഗങ്ങളെന്നും സർക്കാർ ധനസഹായത്തോടെ 1,600 രൂപ വീതം 2023 ഫെബ്രുവരി വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും 2022 ആഗസ്റ്റ് വരെയുള്ള അവശത പെൻഷൻ നൽകിയിട്ടുണ്ടെന്നും സർക്കാർ ഫണ്ടിൽ നിന്നും അവശത പെൻഷൻ നൽകരുതെന്ന നിർദ്ദേശമുള്ളതിനാൽ കുടിശ്ശികയുണ്ടെന്നും 240-ഓളം പേർക്ക് അവശത പെൻഷൻ വിതരണം ചെയ്യുന്നില്ലെന്നും പ്രസവാനുകൂല്യം ബോർഡിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ഇനത്തിൽ സർക്കാരിൽ നിന്നും 3,08,56,000 രൂപയും മാച്ചിംഗ് ഗ്രാന്റായി ഏകദേശം മൂന്ന് കോടിയോളം രൂപയും ലഭിക്കാനുണ്ടെന്നും ഫണ്ട് ലഭിച്ചാൽ മാത്രമേ പ്രസവാനുകൂല്യം ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ എന്നും ക്ഷേമനിധി ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

13. <u>കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</u> :

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധിയിൽ ആകെ 4247 സജീവ അംഗങ്ങളാണുള്ളതെന്നും 357 സെൽഫ് എംപ്ലോയീസിന്റെ അംഗത്വം റദ്ദ് ചെയ്തിട്ടുണ്ടെന്നും 3426 പെൻഷൻകാരാണുള്ളതെന്നും പ്രതിമാസം 1600 രൂപ എന്ന നിരക്കിൽ സർക്കാർ ധനസഹായത്തോടെ 2023 ഫെബ്രുവരി വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും ക്ഷേമനിധി ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

14. <u>കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്</u> :

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയം സമിതി പരിഗണിച്ചു. ക്ഷേമനിധിയിൽ ആകെ 2073178 അംഗങ്ങളുള്ളതിൽ 846360 പേർ സജീവ അംഗങ്ങളും 309016 പേർ പെൻഷൻകാരുമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ ബോർഡ് കടന്നുപോകുന്നതിനാൽ 2022 ഒക്ടോബർ മാസം വരെയുള്ള പെൻഷനാണ് നൽകിയിട്ടുള്ളതെന്നും 2023 ജൂൺ മാസം വരെയുള്ള 8 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനായി 468 കോടി രൂപ ആവശ്യമാണെന്നും 2021 നവംബർ മാസം വരെയുള്ള ആനുകൂല്യങ്ങൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്നും ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗമായ ബിൽഡിംഗ് സെസ്സ് നിലവിൽ പിരിക്കുന്നത് തൊഴിൽ വകുപ്പ്

മുഖേനയാണെന്നും ബിൽഡിംഗ് സെസ്സ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പിരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ മുമ്പാകെയുണ്ടെന്നും ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സർക്കാർ മുമ്പാകെയുള്ള പ്രൊപ്പോസലിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ തീരുമാനം കൈക്കൊണ്ടതല്ലേ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് ചെയർമാൻ കത്ത് നൽകിയിരുന്നതായും ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയോടും ഇക്കാര്യം അഭ്യർത്ഥിച്ചിരുന്നുവെന്നും ബോർഡ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

15. <u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u> :

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 22139 അംഗങ്ങളുള്ളതിൽ 18000 പേരാണ് സജീവ അംഗങ്ങളായുള്ളതെന്നും അതിൽ 219 പേർ പെൻഷൻകാരാണെന്നും സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകുന്നതെന്നും എന്നാൽ വിവിധ ആനുകൂല്യങ്ങൾ തനതു ഫണ്ടിൽ നിന്നാണ് നൽകുന്നതെന്നും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

16. <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u> :

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 22220 അംഗങ്ങളാണുള്ളതെന്നും 19058 സജീവ അംഗങ്ങളും 875 പെൻഷൻകാരുമുണ്ടെന്നും സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകുന്നതെന്നും 2023 ഫെബ്രുവരി വരെയുള്ള പെൻഷനും 2022 ഡിസംബർ വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ടെന്നും പ്രസവാനുകൂല്യമായി 25,000 രൂപ വീതം തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെന്നും ടി ഇനത്തിൽ 29,95,000 രൂപ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്നും ബോർഡിന്റെ വരുമാനമായ സെസ്സ് അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് 227 കേസുകൾ നിലവിലുണ്ടെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സ്റ്റേ നീക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഡിസ്ട്രിക്ട് ലേബർ ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ കൂലിക്ക് നിർമ്മിച്ച് കേരളത്തിൽ വിൽക്കുന്ന ആഭരണങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുകയാണെങ്കിൽ വലിയൊരു തുക സ്വരൂപിക്കാൻ സാധിക്കുമെന്നും ഇപ്രകാരം സ്വരൂപിക്കുന്ന തുക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതു സംബന്ധിച്ച് 23-8-2022-ലെ യോഗത്തിൽ ചർച്ച ചെയ്തിരുന്നതായി സമിതി ചൂണ്ടിക്കാട്ടിയപ്പോൾ സംസ്ഥാനത്ത് നിർമ്മിക്കുന്ന ആഭരണങ്ങളുടെ സെസ്സ് പിരിച്ചെടുക്കാൻ സാധിക്കുന്നില്ലെന്നും ബി.ഐ.എസ്. ഹാൾമാർക്ക് ചെയ്യുന്ന ഏജൻസിയിൽ നിന്ന് സെസ്സ് പിരിക്കുന്നതിനുള്ള അവകാശമുണ്ടെന്നും ഡിസ്ട്രിക്ട് ലേബർ ഓഫീസർ മറുപടി നൽകി.

ഇത് സംബന്ധിച്ച് ഒരു മീറ്റിംഗ് വിളിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ ഫയൽ തൊഴിൽ വകുപ്പിന് ലഭിച്ചിട്ടുള്ളതായി ബഹു. എക്സ്- ഒഫീഷ്യോ അംഗം അറിയിച്ചു. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയ മറുപടി സമിതി അംഗീകരിച്ചു.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം പ്രത്യേക റിപ്പോർട്ടായി തയ്യാറാക്കുമെന്നും കൂടുതൽ വിവരങ്ങൾ ആവശ്യമായി വരുന്നപക്ഷം നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ബന്ധപ്പെടുന്നതാണെന്നും എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചു.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## 8-8-2023 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2023 ആഗസ്റ്റ് 08-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

4. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

5. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

6. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അജിത്ത് കുമാർ, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

2. ശ്രീ. ബി.പ്രതാപചന്ദ്രൻ, അഡീഷണൽ ലോ-സെക്രട്ടറി, നിയമ വകുപ്പ്.

3. ശ്രീ. എൻ.വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീമതി ഷൈജ സി.ജി., ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

5. ശ്രീ. രഞ്ജിത്ത് പി., അഡീഷണൽ ലേബർ കമ്മീഷണർ

6. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ

7. ശ്രീമതി പദ്മിനി കെ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

8. ശ്രീമതി രജനി സി., അണ്ടർ സെക്രട്ടറി , ലെജിസ്ലേഷൻ, നിയമ വകുപ്പ്

9. ശ്രീ. ബിജു എ., ഡെപ്യൂട്ടി ലേബർ കമ്മീഷണർ.

2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സമിതി പരിഗണിയ്ക്കുകയും ചുവടെ പറഞ്ഞിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

തത്വ പ്രഖ്യാപന വാക്യം

തത്വ പ്രഖ്യാപന വാക്യത്തിൽ “Seventy- third” എന്ന വാക്കിന് പകരം "Seventy-fourth” എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 1

(1)- ാം ഉപഖണ്ഡത്തിൽ '2022' എന്ന അക്കങ്ങൾക്ക് പകരം '2023' എന്ന അക്കങ്ങൾ ചേർക്കുക.

ഖണ്ഡം 2

1. ഇനം (i)-ൽ (ac) എന്നീ അക്ഷരങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരമായി (ab) - എന്നീ അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കുക.

2. ഇനം (i)-ൽ ഉപഇനം (aa) പൂർണ്ണമായും ഒഴിവാക്കുകയും ഉപഇനം (ab) എന്നത് (aa) എന്ന് പുനരക്ഷരം ചെയ്യുകയും ചെയ്യുക.

3. ഇനം (ii)-ൽ ഉപഇനങ്ങളായ (ac), (ad), (ae) എന്നിവ യഥാക്രമം (ab), (ac), (ad) എന്ന് പുനരക്ഷരം ചെയ്യുക.

ഖണ്ഡം 3

1. ഖണ്ഡം 3-ന് ശേഷം ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഖണ്ഡം 3(A) യുടെ മാർജിനൽ ശീർഷകത്തിൽ "for malicious or vexatious claims" എന്ന വാക്കുകൾക്ക് പകരം "thereof" എന്ന വാക്ക് ചേർക്കുക

2. ഖണ്ഡം 3(A), ഉപഖണ്ഡം (i)-ൽ "any Commissioner for Employee's Compensation or" എന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

3. ഖണ്ഡം 3(A),-യിൽ ഉപഖണ്ഡം (4) ഒഴിവാക്കുകയും തുടർന്ന് വരുന്ന (5),(6),(7) എന്നീ ഉപഖണ്ഡങ്ങൾ യഥാക്രമം (4),(5),(6) എന്ന് പുനരക്കം ചെയ്യുകയും ചെയ്യുക.

4. പുനരക്കം ചെയ്ത ഉപഖണ്ഡം (4)-ൽ "or sub-section (4)" എന്ന വാക്കുകളും ചിഹ്നവും അക്കവും ഒഴിവാക്കുക.

5. പുനരക്കം ചെയ്ത ഉപഖണ്ഡം (5)-ലും തുടർന്നുള്ള ക്ലിപ്ത നിബന്ധനയിലും " or sub-section (4), as the case may be," എന്നീ വാക്കുകളും, ചിഹ്നങ്ങളും അക്കവും ഒഴിവാക്കുക.

ഖണ്ഡം 4

ഖണ്ഡം 4 ൽ "five thousand rupees" എന്ന വാക്കുകൾക്ക് പകരം "two thousand rupees" എന്ന വാക്കുകൾ ചേർക്കുക.

മോട്ടോർ വാഹനത്തൊഴിലാളികൾക്ക് വേതനം ലഭിക്കാത്തത് സംബന്ധിച്ച അവകാശവാദങ്ങൾ ഉന്നയിക്കുന്നത് സംബന്ധിച്ച് വകുപ്പ് 3(എ)(2)- ലെ വ്യവസ്ഥയിൽ കൂടുതൽ വ്യക്തത ആവശ്യമായതിനാലും ഇന്ധന വിലവർദ്ധനവും മോട്ടോർ വാഹന നികുതിയിലും മറ്റ് സേവനങ്ങളുടെ ഫീസ് ഇനത്തിലുമുള്ള വർദ്ധനവുകളും കാരണം മോട്ടോർ വാഹന മേഖലയിൽ വലിയ പ്രതിസന്ധി നിലനിൽക്കുന്നതിനാലും മോട്ടോർ

വാഹന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും ശ്രീ.അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 5.05 ന് പിരിഞ്ഞു.

## 10-8-2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2023 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ.കെ.എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. എം.എം. മണി, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
4. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ബി. അനിൽകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
2. ശ്രീ. എ. എം. ജാഫർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി പ്രീത ബി., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

5. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

6. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

7. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

8. ഡോ. വീണ എൻ. മാധവൻ, ഡയറക്ടർ, ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ്/ മാനേജിംഗ് ഡയറക്ടർ ഓഫ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

9. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

10. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

11. ശ്രീ. നരേന്ദ്രനാഥ് വെല്ലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്

12. ശ്രീ. മോഹൻദാസ് പി.കെ., ജോയിന്റ് ഡയറക്ടർ, തൊഴിലും നൈപുണ്യവും വകുപ്പ്

13. ശ്രീ. ബിജു കെ.എസ്., ജോയിന്റ് ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

14. ശ്രീ. ശിവശങ്കരൻ കെ.പി., അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്

15. ശ്രീ. കെ.എം. സുനിൽ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

16. ശ്രീ. റ്റി. വി. വിനോദ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

17. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

18. ശ്രീ. എം. മുഹമ്മദ് ഹാരിസ്, ചീഫ് ഫിനാൻസ് ഓഫീസർ, അനെർട്ട്

19. ശ്രീ. ഷഫീക്ക് അഹമ്മദ് സി.എം., ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

20. ശ്രീ. വിനോദ്കുമാർ വി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

21. ശ്രീ. ഉദയൻ സി.സി., ഫിനാൻസ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

സമിതി, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്, 2020-21 ലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## I. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്

(ഫയൽ നം.12248/സബ്.സി.സി1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

## II. 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 12999/സബ്.സി.സി1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

## III. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. <u>2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്- തുടർനടപടികൾ സംബന്ധിച്ച്</u>

(ഫയൽ നം. 1999/സബ്.സി.സി1/2020/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ <u>ഖണ്ഡിക 78-ലെ</u> ശിപാർശയിന്മേൽ കാലതാമസ പത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. <u>2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - തുടർനടപടികൾ സംബന്ധിച്ച്</u>

(ഫയൽ നം. 12116/സബ്.സി.സി1/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ <u>ഖണ്ഡിക 67-ലെ</u> ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പ് കാലതാമസ പത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി

പരിഗണിക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.-കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.-കൾക്കും പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിട നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 11.97 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ 3,41,10,000 രൂപ വകയിരുത്തിയതിൽ 3,09,11,000 രൂപയേ റിലീസ് ചെയ്തിട്ടുള്ളൂ എന്നും ബഡ്ജറ്റ് വിഹിതത്തിന്റെ 75 ശതമാനം മാത്രമേ ചെലവഴിക്കാവൂ എന്ന നിർദ്ദേശം ധനകാര്യ വകുപ്പ് നൽകിയിരുന്നുവെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2020-21-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.-കൾ സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് വാഴക്കാട്-മലപ്പുറം, ഏലപ്പാറ-ഇടുക്കി, കരുണാപുരം-ഇടുക്കി, കുളത്തൂപ്പുഴ-കൊല്ലം, പോരുവഴി-കൊല്ലം എന്നീ ഐ.ടി.ഐ.-കളാണ് 2020-2021-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്നും മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ ഐ.ടി.ഐ.-കൾക്ക് മാത്രമാണ് സ്ഥലം ലഭ്യമായിട്ടുള്ളതെന്നും കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിലെ ഐ.ടി.ഐ. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഐ.ടി.ഐ.-കളിലേയ്ക്ക് ആവശ്യമുള്ള ഉപകരണ സംഭരണത്തിന് തുക കണക്കാക്കിയിരുന്നെങ്കിലും ഉപകരണങ്ങൾ ലഭ്യമാകുന്നത് മാർച്ച് മാസം അവസാനത്തോടെയായതുകൊണ്ട് തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നും 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ അഞ്ച് ഐ.ടി.ഐ.-കൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണെന്ന് തീരുമാനമായിട്ടില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ ഐ.ടി.ഐ.-കൾ ഉടനെ ആരംഭിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെന്നും ഇതിലേയ്ക്കായി ഐ.ടി.ഐ. ഇൻസ്ട്രക്ടർ ഉൾപ്പെടെ 86 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും സ്ഥലം കണ്ടെത്തിയ അഞ്ച് ഐ.ടി.ഐ.-കൾക്കായി നിലവിലെ പദ്ധതി വിഹിതം വിനിയോഗിക്കുകയും അതിനുശേഷം പുതിയ ഐ.ടി.ഐ.-കൾ പരിഗണിക്കാമെന്നും എക്സ്-ഒഫിഷ്യോ അംഗം കൂടിയായ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി അറിയിച്ചു. പ്രഖ്യാപിക്കപ്പെട്ട അഞ്ച് ഐ.ടി.ഐ.-കളിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഐ.ടി.ഐ.-യുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം സമിതി മുമ്പാകെ സമർപ്പിക്കാൻ തൊഴിലും നൈപുണ്യവും വകുപ്പിനോട് സമിതി നിർദ്ദേശിച്ചു. ആയത് സംബന്ധിച്ച വിശദാംശം സമിതിക്ക് ലഭ്യമാക്കാമെന്ന് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

ഖണ്ഡിക 83

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക ഉൾപ്പെടെയുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു. ഇ.എൽ.സി.ബി. (Earth Leakage Circuit Breaker) സംവിധാനം നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 30,000 കുടുംബങ്ങൾക്ക് സൗജന്യമായി ടി സംവിധാനം ഏർപ്പെടുത്തുന്നതിനായി ഒരു വീടിന് 1,000 രൂപ എന്ന നിരക്കിൽ തുക ആവശ്യപ്പെട്ടതനുസരിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഒരു ഇ.എൽ.സി.ബി. സ്ഥാപിക്കാൻ നിലവിൽ 2,500 രൂപ ആവശ്യമായി വരുമെന്നും വയറിംഗ് സ്റ്റാൻഡേർഡ് ആണോ എന്നറിയാതെ ഇ.എൽ.സി.ബി. വച്ചുകഴിഞ്ഞാൽ അത് ഉപയോഗപ്രദമാകില്ല എന്നതിനാൽ വീടുകളിൽ നാല് പോയിന്റുകൾ ഉൾപ്പെടുത്തി വയറിംഗ് ചെയ്യണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് പദ്ധതിക്ക് എക്സ്റ്റൻഷൻ ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഫിനാൻസ് ഡയറക്ടർ ബോധിപ്പിച്ചു. സമിതിക്ക് നൽകിയ റിപ്പോർട്ടിൽ ഒരു വീട്ടിൽ 9 പോയിന്റ് ഉൾപ്പെടെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിക്കുകയാണെങ്കിൽ 22,638 രൂപ ചെലവ് വരുമെന്നും ഇതിനായി വയനാട് ജില്ലയിൽ 12 കോടി രൂപയും പാലക്കാട് ജില്ലയിൽ 199 കോടി രൂപയും ആവശ്യമായി വരുമെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഒരു ബെഡ്റൂമിന് ഒരു ലൈറ്റ്, ഒരു ഫാൻ, പുറത്ത് ഒരു ലൈറ്റ്, അടുക്കളയിൽ ഒരു ലൈറ്റ്, ഒരു പവർ പോയിന്റ്, അടുക്കളയ്ക്ക് പുറത്ത് ഒരു പോയിന്റ് എന്ന കണക്കിലാണ് 9 പോയിന്റ് വരുന്നതെന്നും വയനാട് ജില്ലയിൽ മാത്രം ഇത്തരത്തിൽ രണ്ടായിരത്തിലധികം ഉപഭോക്താക്കളുണ്ടെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വീടൊന്നിന് 1,000 രൂപ പ്രകാരം 3 കോടി രൂപ വകയിരുത്തണമെന്ന ആവശ്യമുന്നയിച്ചത് പ്രൊപ്പോസൽ സമർപ്പിക്കുന്ന സമയത്ത് പദ്ധതിയെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്തതിനാലാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത പ്രോജക്ട് അടുത്ത വർഷത്തെ പ്രൊപ്പോസലിലും തുടർ പദ്ധതിയായി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

പദ്ധതിയ്ക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് കൺസോളിഡേറ്റ് ചെയ്തു വരികയാണെന്നും എസ്.സി./എസ്.ടി. - ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടവരെയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും പട്ടികജാതി/പട്ടികവർഗ്ഗ ഊരുകൾ, ബന്ധപ്പെട്ട ഓർഗനൈസേഷനുകൾ ബന്ധപ്പെട്ട വകുപ്പ് എന്നിവയിൽ നിന്നും ലിസ്റ്റ് ശേഖരിക്കുന്നുണ്ടെന്നും നിലവിൽ എട്ട് ജില്ലകളിൽ നിന്ന് മൊത്തം 22,824 വീടുകളുടെ ലിസ്റ്റ് ലഭ്യമായിട്ടുണ്ടെന്നും തൃശ്ശൂർ,

മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്ന് ലിസ്റ്റ് ലഭ്യമായിട്ടില്ലെന്നും ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത വിഷയം വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

3. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നം. 13047/സബ്.സി.സി.1/2022/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1,2,5,6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 7

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം അവസാനമായതിനാലും ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല എന്ന പൊതുമറുപടിയാണ് എല്ലാ ഖണ്ഡികകളിലെയും ശിപാർശയിന്മേൽ വകുപ്പ് നൽകിയിട്ടുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ട 75 ശതമാനം എന്ന ലിമിറ്റ് കൈവരിക്കാൻ സാധിക്കാത്തതിനാൽ പുതിയ പ്രൊപ്പോസൽ നൽകാൻ സാധിച്ചില്ലെന്നും ചെലവ് നൂറ് ശതമാനമായാൽ മാത്രമേ കമ്മീഷണറേറ്റിൽ നിന്നും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാവൂ എന്ന നിർദ്ദേശമുണ്ടായിരുന്നുവെന്നും അതേ സമയം ധനകാര്യ വകുപ്പ് 75 ശതമാനം എന്ന സീലിംഗ് വച്ചതിനെ തുടർന്ന് പരിധി ഉയർത്തുന്നതിനായി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടെങ്കിലും പരിധി ഉയർത്തിയില്ലെന്നും ലേബർ കമ്മീഷണർ ബോധിപ്പിച്ചു.

ഇത്തരം കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടത് ധനകാര്യ വകുപ്പിന്റെ ചുമതലയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഖണ്ഡിക 15

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുയും ചെയ്തു.

മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു. ലേബർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാൽ ബിൽ സബ്മിറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ലെന്നും അടുത്ത മാസം പണി പൂർത്തിയാകുമെന്നും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണെന്നും ലേബർ കമ്മീഷണറേറ്റ്, ഫിനാൻസ് ഓഫീസർ വ്യക്തമാക്കി. വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ എല്ലാ ഖണ്ഡികകൾക്കും ഒരേ മറുപടി ആവർത്തിച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>ഖണ്ഡിക 3</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു.

തൊഴിൽ ശ്രേഷ്ഠ പുരസ്കാര പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി റീ-അപ്രോപ്രിയേഷൻ മുഖേന 2230-01-001-95 (പ്ലാൻ) ശീർഷകത്തിലേയ്ക്ക് തുക അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സംബന്ധിച്ച് ആവശ്യപ്പെട്ട അധിക വിവരങ്ങൾ 31-3-2023-ൽ മാത്രമേ നൽകാൻ സാധിച്ചുള്ളൂ എന്നും 2023 മാർച്ച് 31-ന് സാമ്പത്തിക വർഷം അവസാനിച്ചതിനാൽ റീ-അപ്രോപ്രിയേഷൻ ചെയ്യണമെന്ന ആവശ്യം ധനകാര്യ വകുപ്പ് അംഗീകരിച്ചില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

തൊഴിൽ ശ്രേഷ്ഠ പുരസ്കാര പദ്ധതി നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത പദ്ധതി നിലവിലുണ്ടെങ്കിലും 2021-ലെ തൊഴിൽ ശ്രേഷ്ഠ അവാർഡ് ഇതുവരെ കൊടുത്തില്ലെന്നും റീ-അപ്രോപ്രിയേഷനുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്നും മൂന്ന് ലെവൽ ഇന്റർവ്യൂ നടത്തിയാണ് അവാർഡ് കൊടുക്കുന്നതെന്നും ഇതിൽ രണ്ട് ലെവൽ ഇന്റർവ്യൂ കഴിഞ്ഞുവെന്നും ഒരു ദിവസത്തെ ഇന്റർവ്യൂ കൂടി ഉണ്ടെന്നും അത് ഒരാഴ്ചക്കുള്ളിൽ ചെയ്യാമെന്നും ഫണ്ട് ലഭിച്ചുകഴിഞ്ഞാൽ രണ്ടാഴ്ചക്കുള്ളിൽ പ്രോഗ്രാം നടത്താൻ സാധിക്കുമെന്നും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഫിനാൻസ് ഓഫീസർ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ധനകാര്യ വകുപ്പിലാണുള്ളതെന്നും ധനകാര്യ വകുപ്പിന്റെ തീരുമാനത്തിനായി കാത്തിരിക്കുകയാണെന്നും ജോയിന്റ് ലേബർ കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിച്ചു. ധനകാര്യ വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് കഴിഞ്ഞ തവണ ആവശ്യപ്പെട്ടതനുസരിച്ച് അവാർഡിന് അർഹരായവരെ

തെരെഞ്ഞെടുക്കുകയും ഇതു സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും ചെയ്തിരുന്നുവെന്നും റീ-അപ്രോപ്രിയേഷനുമായി ബന്ധപ്പെട്ട ഫയൽ ആസൂത്രണ വകുപ്പുകൂടി പരിശോധിക്കേണ്ടതുണ്ടെന്നും അവാർഡ് കൊടുക്കുന്നതിൽ ഉൾപ്പെടുന്ന തൊഴിൽ മേഖലകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ ബോധിപ്പിച്ചു.

2021-ലെ തൊഴിൽ ശ്രേഷ്ഠപുരസ്കാര വിതരണത്തിനായി റീ-അപ്രോപ്രിയേഷൻ മുഖേന അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 28, 29 എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ലഭ്യമാക്കിയ 30 മുതൽ 43 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് ലഭ്യമാക്കിയ 45 മുതൽ 47 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 48

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിയ്ക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക ലഭ്യമായിട്ടില്ലെന്നും വൈദ്യുതി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സബ്സിഡിയായി സർക്കാർ ഇലക്ട്രിസിറ്റി ബോർഡിന് നൽകേണ്ട തുകയാണിതെന്നും പണം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയായി പ്രസ്തുത തുക അഡ്ജസ്റ്റ് ചെയ്ത ശേഷം സർക്കാരിലേക്ക് അനുവാദത്തിനായി അയച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ഫിനാൻസ് ഡയറക്ടർ ബോധിപ്പിച്ചു.

കഴിഞ്ഞ 10 വർഷമായി ഇലക്ട്രിസിറ്റി ഡ്യൂട്ടി സമാഹരിക്കുന്നത് കെ.എസ്.ഇ.ബി.എൽ. തന്നെയാണെന്നും പ്രസ്തുത തുകയിൽ നിന്നും ഗവൺമെന്റ് നൽകേണ്ട സബ്സിഡി തുകയും ജീവനക്കാരുടെ പെൻഷൻ വിഹിതത്തിൽ ഗവൺമെന്റ് നൽകേണ്ട തുകയും ക്രമീകരിച്ചതിന് ശേഷം കണക്കുകൾ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കണമെന്നതായിരുന്നു വ്യവസ്ഥയെന്നും പ്രസ്തുത കരാർ കാലാവധി ഈ വർഷം ഒക്ടോബറിൽ അവസാനിക്കുമെന്നും

എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി ട്രഷറിയിൽ ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി വ്യക്തമാക്കിയിരുന്നെന്നും പ്രസ്തുത തുക ട്രഷറിയിൽ അടയ്ക്കുമ്പോൾ സബ്സിഡി തുകയും പെൻഷൻ കോൺട്രിബ്യൂഷനും മുൻകൂറായി ലഭ്യമായില്ലെങ്കിൽ ബോർഡിന്റെ ദൈനംദിന കാര്യങ്ങൾപ്പെടെയുള്ളവയ്ക്ക് ബുദ്ധിമുട്ട് നേരിടുമെന്നും കുറഞ്ഞത് മൂന്ന് മാസത്തേക്കുള്ള തുകയെങ്കിലും മുൻകൂറായി ലഭിച്ചാലെ എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും എന്നും കെ.എസ്. ഇ. ബി.എൽ. ചെയർമാൻ സമിതിയെ വിശദീകരിച്ചു.

ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയാണെങ്കിൽ അത് പഠന വിധേയമാക്കി വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നും പ്രസ്തുത വിഷയം മുൻ സമിതി യോഗങ്ങളിലും ചർച്ച ചെയ്തതായതിനാൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിഷയം പിന്നീട് പരിഗണിയ്ക്കാമെന്നും സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക 49</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ട വൈദ്യുതി ചാർജിന്റെ കുടിശ്ശികയ്ക്ക് നഷ്ടപരിഹാര ഇനത്തിൽ 524 കോടി രൂപ പത്ത് വർഷം കൊണ്ട് നൽകാമെന്ന് പറഞ്ഞിരുന്നതായും ഇതിന്റെ അവസാന ഗഡുവായ 52.4 കോടി രൂപ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തത് പ്രകാരം തുക ലഭ്യമായിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതമായ 331.67 കോടി രൂപയിൽനിന്നും കുറവുചെയ്താണ് ബാക്കി തുക ലഭ്യമായിട്ടുള്ളതെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഫിനാൻസ് ഡയറക്ടർ വ്യക്തമാക്കി.

10 വർഷമായുണ്ടായിരുന്ന കുടിശ്ശിക തുക സമിതിയുടെ ശിപാർശയെത്തുടർന്ന് ബോർഡിന് ലഭ്യമായെങ്കിലും 30-6-2023 വരെയുള്ള കുടിശ്ശികയായി 1585.9 കോടി രൂപ കേരള വാട്ടർ അതോറിറ്റി കെ. എസ്. ഇ. ബി.എൽ.-ന് നൽകാനുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ ഒരു മാസത്തെ ബിൽ ഏകദേശം 35 കോടി രൂപയാണെന്നും വൈദ്യുതി ബിൽ കുടിശ്ശികയാകുന്നതുമൂലം ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാകുകയാണെന്നും സമിതിയുടെ ശക്തമായ ശിപാർശയുണ്ടെങ്കിൽ മാത്രമേ KWA-ൽ നിന്നും തുക ലഭിക്കാനുള്ള തീരുമാനമുണ്ടാകുകയുള്ളൂവെന്നും വാട്ടർചാർജ്ജ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ വൈദ്യുതി ബിൽ ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് പ്രതിമാസം 35 കോടി രൂപ നൽകാൻ സാധിക്കുമെന്നും ആയതിനായി സമിതി ശിപാർശ ചെയ്താൽ നന്നായിരിക്കുമെന്നും കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് പ്രതിമാസം 35 കോടിരൂപ കടമെടുക്കേണ്ടിവരുന്നുണ്ടെന്നും

കെ.എസ്.ഇ.ബി. എൽ. ഫിനാൻസ് ഡയറക്ടർ വ്യക്തമാക്കി. കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം ന്യായമാണെന്ന് വിലയിരുത്തിയ സമിതി വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിഷയം പിന്നീട് പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചു.

50 മുതൽ 59 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേൽ ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡിക നമ്പർ 60-65</u>

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ഖണ്ഡികകളെല്ലാം ചെറുകിട വൈദ്യുത പദ്ധതികൾക്കുള്ള നബാർഡ് വായ്പ സംബന്ധിച്ചുള്ളതാണെന്നും ഇതിൽ സൂചിപ്പിച്ച എല്ലാ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ടെന്നും ഏറ്റവും അടുത്ത് പൂർത്തീകരിക്കപ്പെട്ടത് പെരുവണ്ണാമൂഴിയിലെ പദ്ധതിയാണെന്നും തുക ചെലവാകുന്ന ആകുന്ന മുറയ്ക്ക് ഗവൺമെന്റിലേയ്ക്ക് വിഹിതത്തിനായി അഭ്യർത്ഥിക്കുന്നുണ്ടെന്നും ഇതുവരെ മൂന്ന് പദ്ധതികളുടെ പണം ലഭ്യമായിട്ടുണ്ടെന്നും ശേഷിക്കുന്ന പദ്ധതികളുടെ തുക റിലീസ് ചെയ്തിട്ടില്ലെന്നും കെ.എസ്.ഇ.ബി.എൽ. ഫിനാൻസ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കെ.എസ്.ഇ.ബി.എൽ. നല്ല രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കമ്പനി ആയതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഗവൺമെന്റ് ഗ്രാന്റുകളൊന്നും ലഭിക്കുന്നില്ലെന്നും പ്രസ്തുത സാഹചര്യത്തിൽ പലിശ കുറവുള്ള നബാർഡിന്റെ വായ്പകൾ ലഭ്യമാകുന്നത് സഹായകരമായിരിക്കുമെന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ ജല വൈദ്യുത പദ്ധതികളടക്കം ഒട്ടുമിക്ക പദ്ധതികളും സ്ഥിതി ചെയ്യുന്നത് ഗ്രാമീണ മേഖലയിലായതിനാൽ നബാർഡ് മുഖേനയുള്ള ധനസഹായത്തിന് അർഹതയുണ്ടെന്നും ധനകാര്യ വകുപ്പ് ഇക്കാര്യം പരിശോധിച്ച് നബാർഡ് സഹായത്തിനായുള്ള സെക്ടർ അലോക്കേഷനിൽ ഊർജ്ജ വിഭാഗത്തിന് പ്രാധാന്യം നൽകി കുറച്ചധികം തുക ലഭ്യമാക്കിയാൽ വളരെ നല്ല രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കുമെന്നും ജലസേചന വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയ്ക്കെല്ലാം നബാർഡിന്റെ സഹായം ലഭിക്കുന്നതുപോലെ പലിശ കുറവുള്ള വായ്പകൾ ഊർജ്ജ വകുപ്പിനും ലഭ്യമാക്കണമെന്നാണ് അഭ്യർത്ഥിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ ബോധിപ്പിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ രണ്ട് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. മാങ്കുളം ഡാം പ്രോജക്ടിനോടനുബന്ധിച്ചുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ

പോകുകയാണെന്നും ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ യോഗമുണ്ടായിരുന്നുവെന്നും മറ്റ് സംസ്ഥാനങ്ങളിലേതുപോലെ വലിയ പ്രോജക്ടുകളെടുക്കാതെ ചെറിയ പ്രോജക്ടുകൾ ചെയ്യുന്നത് നല്ലതായിരിക്കുമെന്നാണ് പ്രസ്തുത യോഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടതെന്നും പ്രോജക്ട് സംബന്ധിച്ച വിശദാംശം ആവശ്യമെങ്കിൽ സമിതി മുമ്പാകെ സമർപ്പിക്കാമെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ മറുപടി നല്കി.

പവർ സെക്ടറിലേക്കുള്ള നബാർഡ് അലോക്കേഷൻ വളരെ കുറവാണെന്നത് കെ.എസ്.ഇ.ബി.എൽ. നേരിടുന്ന പ്രശ്നമാണെന്നും ബോർഡിന്റെ ഓരോ പ്രോജക്ടിനും ഏറ്റവും കുറഞ്ഞത് 150 മുതൽ 200 കോടി രൂപ വരെ ആവശ്യമായി വരുമെന്നും നബാർഡിന്റെ പലിശ കുറവുള്ള ലോണുകൾ ലഭ്യമായാൽ മൂലധനച്ചെലവ് കുറയുന്നത് മൂലം കുറഞ്ഞ തുകയിൽ വൈദ്യുതി നൽകാനാകുമെന്നും കെ.എസ്.ഇ.ബി.എൽ. ഫിനാൻസ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ലഭ്യമാകുന്ന പ്രോജക്ടനുസരിച്ച് സെക്ടർ അലോക്കേഷൻ നടത്തുന്നത് ധനകാര്യ വകുപ്പാണെന്നും സെക്ടർ അലോക്കേഷനിൽ കെ.എസ്.ഇ.ബി.എൽ.-നെക്കൂടി ഉൾപ്പെടുത്തുക എന്നത് ഗവൺമെന്റ് തീരുമാനമെടുക്കേണ്ട വിഷയമാണെന്നും ആരോഗ്യം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ജലസേചനം തുടങ്ങിയ മേഖലകൾക്കെല്ലാം നിലവിൽ സഹായം ലഭ്യമാകുന്നുണ്ടെന്നും നല്ല പ്രോജക്ടുകൾ തയ്യാറാക്കിക്കൊടുക്കുന്ന തോടൊപ്പം ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ വൈദ്യുതി വകുപ്പുമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്യുകയും വേണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ആർ.ഐ.ഡി.എഫ്. എന്നത് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടിയുള്ള പ്രോജക്ടാണെന്നും ഓരോ വർഷവും നബാർഡ് ഓരോ സംസ്ഥാനത്തിനും ഒരു തുക അലോക്കേഷനായി നിശ്ചയിക്കുമെന്നും കേരളത്തിനായി ഈ വർഷം നിശ്ചയിച്ചത് 1,000 കോടി രൂപയാണെന്നും പ്രസ്തുത തുക വകയിരുത്തുന്നത് കൃഷി, ജലസേചനം, പൊതുമരാമത്ത്, ഊർജ്ജം എന്നിവയുൾപ്പെടെ എല്ലാ വകുപ്പുകൾക്കും കൂടിയാണെന്നും എല്ലാ വകുപ്പുകളുടെയും ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈപവർ കമ്മിറ്റി പ്രസ്തുത തുക ധനകാര്യ വകുപ്പിന് അലോക്കേറ്റ് ചെയ്തു നൽകുന്നതെന്നും ഈ വർഷം ഊർജ്ജ വകുപ്പിന് വകയിരുത്തിയത് 80 കോടി രൂപയാണെന്നും ഓരോ വകുപ്പിനും നിശ്ചിത സാധ്യതകളേ ഉള്ളുവെന്നും ഊർജ്ജ വകുപ്പ് ആവശ്യപ്പെട്ടതുപോലെ മെഗാ പ്രൊജക്ടുകൾക്കായി അനിയന്ത്രിതമായി അലോക്കേഷൻ നൽകാൻ സാധിക്കില്ലെന്നും അങ്ങനെ ചെയ്താൽ പ്രസ്തുത ഫണ്ടിലെ മറ്റ് വകുപ്പുകൾക്കുള്ള വിഹിതം മാറ്റിനൽകേണ്ടിവരുന്ന സാഹചര്യമുണ്ടാകുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

ഓരോ വകുപ്പിന്റെയും പെർഫോമൻസ് അനുസരിച്ചാണ് തുക അലോട്ട് ചെയ്യുന്നതെന്നും കാര്യക്ഷമത വർദ്ധിക്കുന്നതിനനുസരിച്ച് നബാർഡ് കൂടുതൽ പണം ലഭ്യമാക്കുമെന്നും നിയമസഭാ സമിതിയുടെ ശിപാർശയുണ്ടെങ്കിൽ വകുപ്പിന്റെ അപേക്ഷയ്ക്ക് കൂടുതൽ പരിഗണന ലഭിക്കുമെന്നും ഊർജ്ജ വകുപ്പ് ഇക്കാര്യം ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുമായും ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്തിരുന്നതായും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അറിയിച്ചു. പ്രസ്തുത വിഷയം പരിഗണനാർഹമായതിനാൽ ആയത് പിന്നീട് പ്രത്യേകം പരിശോധിക്കാമെന്ന് സമിതി തീരുമാനിച്ചു.

4. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നം. 5229/ സബ്.സി. സി1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 6-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 57

പ്രസ്തുത ഖണ്ഡികയിന്മേൽ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു.

നിയമസഭാമണ്ഡല ആസ്തിവികസന ഫണ്ടുപയോഗിച്ച് ഓരോ മണ്ഡലത്തിലെയും ആദിവാസി കോളനികളിലെ വൈദ്യുതീകരണ പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ എന്നും നടപ്പ് വർഷം മൊത്തം ചെലവായ 4,61,65,000 രൂപയുടെ ക്ലെയിം കെ.എസ്.ഇ.ബി.എൽ. രജിസ്റ്റർ ചെയ്യുകയും പദ്ധതി പ്രവൃത്തി പൂർത്തീകരിക്കാനായി 3,61,00,000 രൂപയുടെ അധിക ധനാനുമതിക്ക് പ്രൊപ്പോസൽ നൽകുകയും ചെയ്തിരുന്നതായും കഴിഞ്ഞ വർഷം 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തെങ്കിലും യഥാർത്ഥത്തിൽ അത്രയും തുകയുടെ ആവശ്യം വന്നില്ലെന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവാകുകയാണെങ്കിൽ ആവശ്യാനുസരണം അധികതുക വകയിരുത്താമെന്ന് ധനകാര്യ വകുപ്പ് ശിപാർശ അംഗീകരിച്ചുകൊണ്ട് അറിയിച്ചിട്ടുള്ളതായും കെ.എസ്.ഇ.ബി.എൽ. ഫിനാൻസ് ഡയറക്ടർ മറുപടി നൽകി. സംസ്ഥാനത്ത് വൈദ്യുതി എത്തിപ്പെടാത്ത 97 കോളനികൾ ആണ് ഉള്ളതെന്നും അതിൽ 37 കോളനികൾക്കായി 27 കോടി രൂപ ആവശ്യമായി വന്നതിൽ തൊണ്ണൂറ് ശതമാനം തുകയും കെ.എസ്.ഇ.ബി.എൽ. തന്നെ

കണ്ടെത്തി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയാണെന്നും അവയിൽ 11 കോളനികളുടെ വൈദ്യുതീകരണം ഓണക്കാലമാകുമ്പോഴേക്കും പൂർത്തിയാകുമെന്നും എം.എൽ.എ. ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ പ്രവൃത്തികൾ ചെയ്തത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടുപയോഗിച്ചാണെന്നും ഗ്രിഡ് എത്തിക്കാൻ കഴിയാത്ത 37 കോളനികളുടെ വൈദ്യുതീകരണത്തിനായി ചുരുങ്ങിയത് 60 കോടി രൂപ ആവശ്യമുണ്ടെന്നും പ്രസ്തുത കോളനികളിലേയ്ക്ക് വാഹന സൗകര്യമില്ലാത്തതിനാൽ തലച്ചുമടായി എത്തിക്കേണ്ടതുണ്ടെന്നും ആയത് പ്ലാനിംഗ് ബോർഡ് മീറ്റിംഗിൽ ഉന്നയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിഷയം രണ്ട് വർഷമായി ചർച്ച ചെയ്തു കൊണ്ടിരിക്കയാണെന്നും ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നില്ലെന്നും അനെർട്ട് സി.ഇ.ഒ. ബോധിപ്പിച്ചു.

വൈദ്യുതീകരണത്തിനായി സമർപ്പിക്കപ്പെട്ട 27 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞതായും വൈദ്യുതി എത്തിപ്പെടാത്ത മറ്റ് കോളനികളുടെ വൈദ്യുതീകരണത്തിനുള്ള പദ്ധതിയെക്കുറിച്ചും അനുവദനീയമായ മറ്റേതെങ്കിലും ഫണ്ട് വിനിയോഗിച്ചുകൊണ്ട് ശേഷിക്കുന്ന കോളനികൾ വൈദ്യുതീകരിക്കുന്നതിനെക്കുറിച്ചുമാണ് സി.ഇ.ഒ. ഇവിടെ സൂചിപ്പിച്ചതെന്നും കെ.എസ്.ഇ.ബി.എൽ. ഫിനാൻസ് ഡയറക്ടർ അറിയിച്ചു.

ഇതുവരെ വൈദ്യുതി എത്തിച്ചേരാത്ത ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനായി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

## IV. ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികയുടെ പരിഗണന

1. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ. നം. 1781/ സബ്.സി. സി1/ 2021/നി.സെ.)

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 5.40-ന് പിരിഞ്ഞു.

# 22-2-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 ഫെബ്രുവരി മാസം 22-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എം. എം. മണി, എം.എൽ.എ.
2. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി., സെക്രട്ടറി -ഇൻ -ചാർജ്ജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. കെ. വാസുകി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. പി. വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ലേബർ കമ്മീഷണർ
4. ഡോ. വീണ എൻ. മാധവൻ, ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)
5. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)
6. ഡോ. മാലിനി എസ്., ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

7. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

8. ശ്രീമതി സുനീജ ബീഗം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. ബിജു. കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ

10. ശ്രീ. റ്റി. എസ്. ജയലാൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXIV, XVII, XVIII എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXIV**

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

(തൊഴിലും നൈപുണ്യവും വകുപ്പ്)

2230-01-001-99—നടത്തിപ്പ്

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു .

2230-01-001-98 - ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വിവരസാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-102-98—പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - സംഭാവന

കേരള അസംഘടിത തൊഴിലാളി ക്ഷേമപദ്ധതിയ്ക്ക് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 8.2155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 60.838 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-72-10—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം-സംഭാവന

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 178 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-59—<u>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 48.456 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-103-57-10—<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന</u>

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് മുൻ വർഷങ്ങളിലെ കുടിശ്ശിക തുക ലഭിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.4258 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4250-00-201-92—<u>മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം</u>

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99—<u>ട്രെയിനിംഗ് ഡയറക്ടറേറ്റ്</u>

ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ. തുടങ്ങിയ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(01)] ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 64.5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.47 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 80.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-001-96—<u>വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി</u>

വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും KASE-ന്റെ ഭരണപരമായ ചെലവുകൾ വഹിക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.371 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-001-89—<u>വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്</u>

വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-003-98—<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-101-99—<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

തൊണ്ണൂറ് ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.4 കോടി രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 13 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 19.5 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.15 കോടി രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.384 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-101-96—വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

പതിനാല് വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.85 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 1.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 53,000 രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 2.39 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-101-70—ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

ഐ.ടി.ഐ. കളിലെ ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ. കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-55—ഉൽപ്പാദന കേന്ദ്രങ്ങൾ - പഠിക്കുമ്പോൾ സമ്പാദിക്കുക

ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യം എന്ന പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ

ഐ.ടി.ഐ.-കളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കളമശ്ശേരി, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.-കളിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-102-99—<u>ദേശീയ തൊഴിലഭ്യസന പരിപാടികൾ</u>

വകുപ്പിന് കീഴിലുള്ള 9 ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ.-കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4250-00-203-99—<u>ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-കൾ ശക്തിപ്പെടുത്തൽ</u>

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

2230-01-102-99—<u>ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്</u>

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ., ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-102-95—<u>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്-തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)</u>

ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ., ആർ. & എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനും സബ് ഓഫീസുകളിലെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷി യുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.316 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-02-101-92—മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ

2024-25 സാമ്പത്തിക വർഷം ജോബ് ക്ലബ്ബ്/MPSC യൂണിറ്റുകൾ ആരംഭിക്കുന്നപക്ഷം സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി - സബ്സിഡികൾ

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനും പരിശീലനം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ

എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവയുടെ നടത്തിപ്പിനും കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനും കരമന, പയ്യന്നൂർ എന്നിവിടങ്ങളിലെ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5.294 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-02-101-87—നവജീവൻ

നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

6250-60-800-97—കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ

കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വയംതൊഴിൽ വായ്പ നൽകുന്നതിനും വായ്പ പദ്ധതിക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6250-60-800-96—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

2230-03-188-99-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ-എയ്ഡ് സ്ഥാപനം -സഹായധനം - ശമ്പളം

കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-188-99-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്-ഗ്രാന്റ് ഇൻ-എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളേതരം

കിലെയിലെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-03-188-99-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം -സഹായധനം - ശമ്പളേതരം

കിലെയിലെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

കിലെയെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായും കിലെ കാമ്പസ് സ്ഥാപിക്കുന്നതിനുമായി മുൻവർഷം നിലവിലുണ്ടായിരുന്ന 2230-03-101-52 (പദ്ധതി) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

ഒഡെപെക്

2230-01-103-10—ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

ഒഡെപെക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230-01-101-96-06—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ - വാടക, കരം, നികുതി

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-95-04-1—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്-യാത്രാചെലവുകൾ - യാത്രാബത്ത

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-92-04-1—തൊഴിൽ കോടതി, കോഴിക്കോട്-യാത്രാചെലവുകൾ -യാത്രാബത്ത

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.72 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 81,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 2.32208 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 26,000 രൂപയും ഉൾപ്പെടെ ആകെ 5.11208 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-89-45—ലേബർ കോടതി, കണ്ണൂർ-പി.ഒ.എൽ.

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് പി.ഒ.എൽ. ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 95,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 20,000 രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 51,000 രൂപയും പി.ഒ.എൽ. (45)

ഇനത്തിൽ 2.01 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2230-01-101-85—<u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>

പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രാബത്ത ഇനത്തിലും വിവരസാങ്കേതികവിദ്യ ഉപകരണങ്ങളുടെ എ.എം.സി. ഇനത്തിലും വസതിയിലെയും ഓഫീസിലെയും വൈദ്യുതി ചെലവ് ഇനത്തിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 8,000 രൂപയും വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 24,000 രൂപയും ഉൾപ്പെടെ ആകെ 2.32 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

## ധനാഭ്യർത്ഥന നമ്പർ XVII

## വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

4202-02-105-85—<u>ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്</u>

വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ.-കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ. കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.-കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210- 01-102-99-12 —<u>ഭരണ വിഭാഗം - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിയമിക്കുന്ന അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-102-98-99—ഡിസ്പെൻസറികൾ -വിവരസാങ്കേതിക വിദ്യ

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെ ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2210-01-102-98-97—ഡിസ്പെൻസറികൾ - വാഹനങ്ങളുടെ വാടക

ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാടക വാഹനത്തിന്റെ വാടക നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 18 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 25 ലക്ഷം രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 2 കോടി രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08] ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 26.55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

യോഗം ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു.

## 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ബിനു വി. എ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സൗരഭ് ജയിൻ, സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
3. ശ്രീ. പി. സുരേന്ദ്ര, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി, എസ്.സി.എം.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
4. ശ്രീ. സജി പൗലോസ്, ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & പ്ലാനിംഗ് ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
5. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
6. ശ്രീ. എ. ഷാനവാസ്, ഡയറക്ടർ (ജനറേഷൻ-സിവിൽ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
7. ശ്രീ. സജീവ് ജി.,ഡയറക്ടർ (ഇൻ-ചാർജ്ജ്) (ജനറേഷൻ-ഇലക്ട്രിക്കൽ, സൗര), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
8. ശ്രീ. നരേന്ദ്രനാഥ് വെല്ലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്
9. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഉർജ്ജ വകുപ്പ്
10. ശ്രീ. കെ. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ
12. ശ്രീമതി സബിത എസ്., സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

13. ശ്രീ. ജോൺസൺ ഡാനിയേൽ, എച്ച്.ഇ.ഇ., എനർജി മാനേജ്മെന്റ് സെന്റർ
14. ശ്രീ. സി. സുരേഷ്, സ്പെഷ്യൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
15. ശ്രീമതി ഗീത വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
16. ശ്രീമതി സുചിത്ര എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
17. ശ്രീമതി ജോളി തോമസ്, ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെന്റ്
18. ശ്രീമതി രാധിക എം., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
19. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെന്റ്
20. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. ശ്രീ. യൂസഫ് ഖാൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXIX (വൈദ്യുത പദ്ധതികൾ) സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി യോഗത്തിനുള്ള നോട്ട് വളരെ വൈകിയാണ് ലഭിച്ചതെന്ന് സമിതി അംഗമായ ശ്രീ എ. പ്രഭാകരൻ എം.എൽ.എ. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി . ഊർജ്ജ വകുപ്പിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ നോട്ട് മീറ്റിംഗ് ദിവസമായ 28-2-2024-ന് രാവിലെ മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയതെന്നും ആയതിനാലാണ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നോട്ട് വൈകി നൽകാൻ കാരണമായതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു. നോട്ട് ലഭ്യമാക്കാൻ കാലതാമസമുണ്ടാകുന്നതെന്തുകൊണ്ടാണെന്ന് ബഹു. സമിതി ചെയർമാൻ ഊർജ്ജ വകുപ്പുദ്യോഗസ്ഥരോട് ആരാഞ്ഞപ്പോൾ കെ.എസ്.ഇ.ബി.എൽ.-ൽ നിന്നുള്ള നോട്ട് അംഗീകാരത്തിനായി ഊർജ്ജ വകുപ്പിൽ ലഭിച്ചത് 27-2-2024 നായിരുന്നുവെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. വകുപ്പ് സെക്രട്ടറി മാറിയതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും പുതിയ സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച്

ചില വിശദാംശം കൂടി നോട്ടിൽ ഉൾപ്പെടുത്തിയതിനാലാണ് കാലതാമസമുണ്ടായതെന്നും സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയിൽ ഹാജരാകുന്നതിനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. മാനേജിംഗ് ഡയറക്ടർ ബോധിപ്പിച്ചു. ചട്ടപ്രകാരം രണ്ട് ദിവസം മുമ്പ് നോട്ട് ലഭ്യമാക്കേണ്ടതാണെന്നും നിയമസഭാ സമിതിയുടെ യോഗത്തെ ഗൗരവമായി കാണണമെന്നും ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ചെയർമാൻ ഊർജ്ജ വകുപ്പ് ഉദ്യാഗസ്ഥർക്ക് നിർദ്ദേശം നൽകി.

### ധനാഭ്യർത്ഥന നമ്പർ XXXIX
### വൈദ്യുത പദ്ധതികൾ

### കേരള സ്റ്റേററ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

കെ.എസ്.ഇ.ബി.എൽ. സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന ബഡ്ജറ്റ് പ്രൊപ്പോസലിനനുസൃതമായി ബഡ്ജറ്റ് പ്രൊവിഷൻ ലഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നും കെ.എസ്.ഇ.ബി.എൽ. സേവന മേഖലയെന്നതിലുപരി അടിസ്ഥാന മേഖല കൂടിയായതിനാൽ സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗോ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്‌മെന്റിനുവേണ്ടി തുക ലഭിച്ചാലോ മാത്രമേ വിവിധ പ്രോജക്ടുകൾക്ക് റെഗുലേറ്ററി കമ്മീഷനിൽ നിന്നും അനുമതി ലഭിക്കുകയുള്ളൂവെന്നും ഇക്കാര്യത്തിൽ സമിതിയുടെ ശക്തമായ പിന്തുണ ആവശ്യമാണെന്നും മുൻപ് അപ്രൂവ് ചെയ്തിട്ടുള്ള അക്കൗണ്ടുകൾക്കു പോലും തുക ലഭിച്ചിട്ടില്ലെന്നും അടുത്ത മൂന്ന് വർഷത്തിൽ ബാക്ക് ലോഗ് നികത്തി മുന്നോട്ടുപോകാനുള്ള അഭ്യർത്ഥനയാണുള്ളതെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ സമിതി മുമ്പാകെ ബോധിപ്പിച്ചു.

2801-80-101-99-33—<u>വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം - സബ്സിഡികൾ</u>

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1152.36 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1.2 കോടി രൂപയും ഉൾപ്പെടെ ആകെ 1153.56 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തിബോർഡിന് നൽകുന്ന ധനസഹായം

കെ.എസ്.ഇ.ബി.എൽ.-ന് സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക വൻതോതിൽ വർദ്ധിക്കുകയാണെന്നും കേരള വാട്ടർ അതോറിറ്റിക്ക് വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം 37 കോടിയോളം രൂപയാകുന്നുണ്ടെങ്കിലും വാട്ടർ അതോറിറ്റിയിലെ ഓഫീസുകളുടെ വൈദ്യുത ചാർജ്ജായ ഒന്നോ രണ്ടോ കോടി രൂപ മാത്രം ഒടുക്കുകയും ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയാവുകയും ചെയ്യുന്നതിനാൽ സർക്കാർ വകുപ്പുകൾക്കും വാട്ടർ അതോറിറ്റിക്കും അതതിന്റെ നോൺ പ്ലാൻ ശീർഷകത്തിൽ വൈദ്യുത ചാർജ്ജിനുള്ള തുക അനുവദിക്കുകയോ അല്ലെങ്കിൽ കെ.എസ്.ബി.എൽ.-ന്റെ കുടിശ്ശിക നൽകുന്നതിന് പ്രത്യേക ശീർഷകം അനുവദിച്ച് തുക വകയിരുത്തുകയോ ചെയ്താൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്ന് കെ.എസ്.ബി.എൽ. ചെയർമാൻ ബോധിപ്പിച്ചു.

വാട്ടർ ചാർജ്ജ് യൂണിറ്റിന് 4.45 രൂപയിൽനിന്ന് 14.45 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ.-നുള്ള കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനായി മുഖ്യമന്ത്രി തലത്തിൽ ചേർന്ന യോഗത്തിൽ നിലവിലുള്ള കറന്റ് ചാർജ്ജ് കൃത്യമായി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിനായി ഒരു സംവിധാനം രൂപീകരിക്കണമെന്നും പഴയ കുടിശ്ശിക സർക്കാർ ടേക്ക് ഓവർ ചെയ്ത് future electricity duty-യുമായി തട്ടിക്കിഴിക്കാമെന്നും തീരുമാനിച്ചിരുന്നുവെന്നും അതിനായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവെന്നും അതനുസരിച്ച് നിലവിലെ കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയുടെ കളക്ഷന്റെ 25 ശതമാനം escrow മെക്കാനിസം വഴി അടക്കണമെന്ന് തീരുമാനമുണ്ടായെന്നും വാട്ടർ അതോറിറ്റിയുടെ പ്രതിമാസ കളക്ഷൻ നൂറ് കോടി രൂപയായതിനാൽ 25 കോടി രൂപ escrow മെക്കാനിസം വഴി നൽകേണ്ടിയിരുന്നെങ്കിലും വളരെ ചെറിയ തുക മാത്രമാണ് നിലവിൽ ഒടുക്കുന്നതെന്നും വൈദ്യുതി വാങ്ങുന്നതിനുള്ള തുക കൃത്യമായി കൊടുത്തില്ലെങ്കിൽ സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കാത്ത സ്ഥിതിയാണുള്ളതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ഫിനാൻസ്) സമിതിയെ അറിയിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 60 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-101-85—ട്രാൻസ് ഗ്രിഡ് 2.0

സംസ്ഥാനത്തിനാവശ്യമായ 70 ശതമാനം വൈദ്യുതിയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നതെന്നും ഇത്തരത്തിൽ വാങ്ങുന്ന വൈദ്യുതി കൊണ്ടുവരുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ശൃംഖല സ്ഥാപിക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടെന്നും പ്രവൃത്തികളുടെ അടങ്കൽ തുകയ്ക്ക് മാത്രമാണ് PSDF ഗ്രാന്റ് ലഭിക്കുന്നതെന്നും വർക്ക് ടെണ്ടർ ചെയ്ത് അവാർഡ് ചെയ്തപ്പോൾ ചില പ്രവൃത്തികളുടെ തുക എസ്റ്റിമേറ്റിനെക്കാളും അധികരിക്കുകയുണ്ടായെന്നും രണ്ട് വർഷംകൊണ്ട് പൂർത്തിയാകേണ്ട ചില വർക്കുകൾ പൂർത്തിയാക്കുന്നതിന് മൂന്ന് വർഷമെടുത്തതിനാൽ പ്രൈസ് വേരിയേഷൻ കൊടുക്കേണ്ടതായി വന്ന തുകയും ജി.എസ്.ടി. നൽകേണ്ടി വന്ന തുകയും ഉൾപ്പെടെ ആകെ 158 കോടി രൂപ അടങ്കൽ തുകയെക്കാളും അഡീഷണൽ എക്സ്പെൻഡിച്ചറുണ്ടായെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & പ്ലാനിംഗ്) ബോധിപ്പിച്ചു.

വാങ്ങിയ വൈദ്യുതി വിതരണം ചെയ്യുന്നതിന് അധിക ചെലവ് ഉണ്ടാകുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിച്ച് നെറ്റ്‌വർക്കുണ്ടാക്കുന്നതിനാണ് തുക ആവശ്യമായി വരുന്നതെന്നും ഡിമാന്റ് കൂടുന്നതിനനുസരിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തിയാൽ മാത്രമേ ലോഡ് മീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & പ്ലാനിംഗ്) അറിയിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഹൈടെൻഷൻ ലൈനിന്റെ ശൃംഖലയും സമാന്തരമായി വയനാട്-മൈസൂർ, പാലക്കാട്-തമിഴ്‌നാട് ലൈനുകളും ചെയ്യുന്നുണ്ടെന്നും 400 KV സബ്സ്റ്റേഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്തിടെ ഉദ്ഘാടനം ചെയ്തിരുന്നുവെന്നും അടുത്ത രണ്ട് വർഷം കൊണ്ട് സംസ്ഥാനത്ത് നല്ല ഗ്രിഡ് ഉണ്ടാകുമെന്നും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് കിട്ടുന്ന പ്രസ്തുത പ്രോജക്ട് ടെക്നിക്കലി സൗണ്ട് ആണെന്നും പദ്ധതിക്ക് അധികം ചെലവായ തുകയാണ് സംസ്ഥാന വിഹിതമായി ആവശ്യപ്പെടുന്നതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

വോൾട്ടേജ് വ്യതിയാനം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള തുകയും പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുമോ എന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത പ്രവൃത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം ഫണ്ടിൽ നിന്നാണ് ചെയ്യുന്നതെന്നും എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതി തിരുനെൽവേലിയിൽ നിന്നും തിരുവനന്തപുരത്തും കോട്ടയത്തും കൊച്ചിയിലും പുഗലൂരും തൃശ്ശൂരിലും മൈസൂരിൽ നിന്നും അരിക്കോട്ടും തമിഴ്നാട്ടിൽ നിന്നും പാലക്കാട്ടും എത്തുന്നുണ്ടെന്നും ഇത്തരം

പോയിന്റുകളിൽ എത്തുന്ന വൈദ്യുതി സ്വീകരിക്കുന്നതിനുള്ള കപ്പാസിറ്റി ട്രാൻസ്ഫോർമറുകളും വിതരണത്തിനായി പ്രസരണ ലൈനുകളും സ്ഥാപിക്കുന്നതിനാവശ്യമായ തുകയാണ് ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & പ്ലാനിംഗ്) മറുപടി നൽകി.

ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-101-83—<u>ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിന് വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്</u>

ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് ഇനത്തിൽ ബജറ്റിൽ തുക അനുദിച്ചിട്ടില്ലാത്തതിനാൽ 52 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-190-99—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ</u>

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 1.6973 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-190-94—<u>നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)</u>

നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന നിധി)-ക്ക് 2801-80-101-91, 2801-80-190-94 എന്നീ രണ്ട് ഹെഡ്ഡുകളാണുള്ളതെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പദ്ധതികൾക്കുള്ള തുക 2801-80-190-94 എന്ന ഹെഡ്ഡിലാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ഫിനാൻസ്) അറിയിച്ചു.

പുതിയ ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിലും സംസ്ഥാന പദ്ധതി ഇനത്തിലും വൈദ്യുതി ബോർഡ് നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 307.8331 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4801-80-101-98—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി മുഖേന സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6164 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4801-80-800-98—വിവിധ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 2.4877 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6801-00-190-86—ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)

ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6801-00-190-85—2.0 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ - എന്ന ശീർഷകത്തിൽ 3.34 കോടി രൂപ.

പോത്തൻകോടിൽ 2 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-83 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.11 കോടി രൂപ.

പേഴക്കാപ്പള്ളിയിൽ 1.20 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-82 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 7.02 കോടി രൂപ.

തലക്കുളത്തുരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-81 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 82 ലക്ഷം രൂപ.

6801-00-190-80—6.0 മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ-എന്ന ശീർഷകത്തിൽ, 2.49 കോടി രൂപ.

6801-00-190-81, 6801-00-190-82, 6801-00-190-83 എന്നീ ശീർഷകങ്ങൾ പുനഃസ്ഥാപിച്ചാണോ തുക അനുവദിക്കേണ്ടതെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ നോട്ടിൽ വ്യക്തമാക്കിയിട്ടില്ലെന്നും 6801-00-190-85, 6801-00-190-80 എന്നീ ശീർഷകങ്ങളിൽ ജലവൈദ്യുത പദ്ധതികൾ എന്നതിന് പകരം ജലസേചന പദ്ധതികൾ എന്ന് നൽകിയിരിക്കുന്നത് തെറ്റായിട്ടാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത മൂന്ന് ശീർഷകങ്ങൾ പുനസ്ഥാപിച്ച് തുക അനുവദിക്കേണ്ടതാണെന്നും ജലവൈദ്യുത പദ്ധതികൾ എന്നാണ് ശരിയായി നൽകേണ്ടിയിരുന്നതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ഫിനാൻസ്) ബോധിപ്പിച്ചു. നിയമസഭാ സമിതിയെ ഗൗരവമായി കാണണമെന്നും സമിതി മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി വേണം നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കേണ്ടതെന്നും സമിതി ചെയർമാന് നിർദ്ദേശം നൽകി.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

RGGVY- പദ്ധതിക്കായി 2801-80-101-90 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.44 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പദ്ധതിക്കായി 2801-80-101-87 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 48.3 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംയോജിത ഊർജ്ജ വികസന പദ്ധതിക്കായി (ഐ.പി.ഡി.എസ്സ്.) 2801-80-101-86 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 59.21 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിക്കായി 4801-80-101-99 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 41.6319 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

ഗ്രീൻ എനർജി കോറിഡോറിനായി പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് എക്സിക്യൂട്ടിംഗ് ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക

കെ.എഫ്.ഡബ്ല്യൂ. ലോൺ ആയി സംസ്ഥാന സർക്കാർ മുഖേന കെ.എസ്.ഇ.ബി.-ക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 150 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

7.5 MW, 25.16 MU ശേഷിയുള്ള പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 32.6 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി എന്നാണ് ആരംഭിച്ചതെന്നും ടി പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി വകുപ്പുദ്യോഗസ്ഥരോട് ആരാഞ്ഞതിന് 2017-ലാണ് പദ്ധതി ആരംഭിച്ചതെന്നും കോവിഡും നിപയുംമൂലം കുറച്ച് കാലതാമസമുണ്ടായെന്നും പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്നും ടി പദ്ധതി ഇറിഗേഷൻ ഡാമിന്റെ സമീപമായതിനാലും കുറെയധികം നിബന്ധനകളുള്ളതിനാലും ബ്ലാസ്റ്റ് ചെയ്യാൻ പ്രദേശവാസികൾ സമ്മതിക്കാത്തതിനാലും വീണ്ടും രണ്ടുമൂന്ന് വർഷത്തോളം കാലതാമസമുണ്ടായെന്നും പിന്നീട് റേറ്റ് റിവിഷന്റെ പ്രശ്നമുണ്ടായതിനാൽ പദ്ധതി കോൺട്രാക്ടർക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ലെന്നും 48 ശതമാനത്തോളം നഷ്ടം വരുന്നതിനാൽ നിലവിലെ ഷെഡ്യൂൾ അനുസരിച്ച് മുന്നോട്ടുപോകാൻ കഴിയില്ലെന്നാണ് കോൺട്രാക്ടർ പറയുന്നതെന്നും പദ്ധതി നഷ്ടത്തിലായതിനാൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്ന കാര്യത്തിൽ ബോർഡ് ഉടൻ തീരുമാനമെടുക്കുമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ജനറേഷൻ-സിവിൽ) സമിതിയെ അറിയിച്ചു.

ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം പരിശോധിക്കണമെന്നും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയും കെ.എസ്.ഇ.ബി.എൽ.-ചെയർമാനും കൂടിയാലോചിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പത്തോ ഇരുപതോ വർഷം മുമ്പുള്ള കോൺട്രാക്ട് കണ്ടീഷനിലും റേറ്റിലും കോൺട്രാക്ടർക്ക് പ്രവൃത്തി ചെയ്യാൻ സാധിക്കില്ലെന്നും പ്രൈസ് വേരിയേഷനും മറ്റുമായി പ്രത്യേകം പ്രൊപ്പോസൽ വയ്ക്കേണ്ടി വരുമെന്നും തോട്ടിയാർ-പള്ളിവാസൽ ജലവൈദ്യുത പദ്ധതി അങ്ങനെയാണ് മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ഒരു യോഗം ചേരുന്ന കാര്യം ലോക്സഭാ ഇലക്ഷനുശേഷം തീരുമാനിക്കാമെന്ന് സമിതി തീരുമാനിച്ചു.

2x20 MW ശേഷിയുള്ള മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 12 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2x20 MW ശേഷിയുള്ള ചിന്നാർ ജലവൈദ്യുത പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 15 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിവിധ സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വരുത്തിയിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 3347.43 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതു ശിപാർശകൾ

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ സേവന മേഖല എന്നതിലുപരി അടിസ്ഥാന മേഖലയിലും കൂടിയായതിനാൽ സർക്കാരിലേക്ക് സമർപ്പിക്കുന്ന ബജറ്റ് പ്രൊപ്പോസലിന് അർഹമായ പരിഗണന ലഭിക്കേണ്ടത് അനിവാര്യമാണെന്ന് നിരീക്ഷിച്ച സമിതി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഉൾപ്പെടെ ഊർജ്ജ മേഖലയുടെ പുരോഗതിയ്ക്കുതകുന്ന പദ്ധതികൾക്കാവശ്യമായ തുക സർക്കാർ വിഹിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജിനത്തിൽ വരുത്തിയിട്ടുള്ള ഭീമമായ കുടിശ്ശിക കെ.എസ്.ഇ.ബി. യുടെ നിലനിൽപ്പിന് തന്നെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശികത്തുക തവണകളായി ഒടുക്കുന്നതിനും സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്താതിരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. ഏതെങ്കിലും രീതിയിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ടോ എന്ന് സമിതി ചെയർമാൻ ആരായുകയും സുപ്രീംകോടതി ഉത്തരവ് പ്രകാരം നിലവിൽ ഡാമിലെ വാട്ടർ ലെവൽ 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തുന്നതിന് തമിഴ്നാടിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ സുർക്ക ഉപയോഗിച്ച് നിർമ്മിച്ചതും 150 വർഷത്തിലധികം പഴക്കമുള്ളതുമായ മുല്ലപ്പെരിയാർ ഡാമിന്റെ നിലനില്പിനെ തന്നെ ബാധിക്കുന്ന ഈ വിഷയം വളരെ ഗൗരവമായി ശ്രദ്ധിക്കേണ്ടതാണെന്നും ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുമ്പ് കൈകാര്യം ചെയ്തിരുന്നത് തമിഴ്നാടും കേരളവും

ആയിരുന്നെങ്കിൽ നിലവിൽ ആയത് ദേശീയ ഡാം സേഫ്റ്റി അതോറിറ്റിയാണ് ചെയ്യുന്നതെന്നും ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി.എൽ.-ഉം പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തുകയും കേസിൽ കക്ഷി ചേരാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യണമെന്നും 50 വർഷം കഴിഞ്ഞ ഡാമുകൾ പുതുക്കി നിർമ്മിക്കണമെന്ന അന്തർദ്ദേശീയമായ തീരുമാനമുണ്ടായിരിക്കേ ഇക്കാര്യങ്ങളൊന്നും കോടതിയെ വേണ്ടവിധം ധരിപ്പിക്കാൻ സാധിച്ചില്ലെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

മുല്ലപ്പെരിയാർ വിഷയത്തിൽ കാലാകാലങ്ങളിലുള്ള സർക്കാരുകൾ എടുത്തിട്ടുള്ള തീരുമാനങ്ങളാണ് നടപ്പാക്കുന്നതെന്നും ഡാം സേഫ്റ്റി അതോറിറ്റിയുടെ എക്സ്പെർട്ടായ ആളുകൾ അവിടെ പരിശോധന നടത്തുന്നുണ്ടെന്നും ഈ വിഷയത്തിൽ interstate dispute ഉണ്ടെങ്കിൽ അതത് വകുപ്പുകൾ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണെന്നും ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ജലവിഭവ, ഊർജ്ജ വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർക്കുന്നതിന് അഭ്യർത്ഥിക്കേണ്ടതുണ്ടെന്നും ഏത് വകുപ്പാണ് ഇടപെടേണ്ടതെന്ന് യോഗത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

ഒരു Interstate Dispute എന്നതിനേക്കാളും Dam Safety-യുടെ കാര്യമാണ് പ്രധാനമെന്നും ഡാം സേഫ്റ്റി അതോറിറ്റിയുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുമോയെന്ന് സെക്രട്ടറി പരിശോധിക്കണമെന്നും സംസ്ഥാനത്തെ മുഴുവൻ ബാധിക്കുന്ന വിഷയമായതിനാൽ ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതോടൊപ്പം നിയമവിദഗ്ധരുമായി ചർച്ച ചെയ്ത് എത്രയുംവേഗം തീരുമാനമെടുക്കുകയും ചെയ്യണമെന്നും കൂടാതെ ഡാമിന്റെ ലീക്ക് പരിശോധിക്കുകയും ആയത് സംബന്ധിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് ഊർജ്ജ വകുപ്പ് ലഭ്യമാക്കണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

## ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)

2810-00-188-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജഏജൻസിയും (അനെർട്ട്) ധനസഹായം</u>

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പദ്ധതിയേതര ചെലവുകളായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.8347 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2810-00-800-90(06)-35—<u>അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ-പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

വിദൂരവും വൈദ്യുതി എത്തിച്ചേരാത്തതുമായ പ്രദേശങ്ങളിൽ പ്രധാനമായും പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2810-00-800-78- <u>ഗ്രീൻ എനർജി ഹബ്ബ്</u>

ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന പൈലറ്റ് പദ്ധതികൾക്കും സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഗ്രീൻ ഹൈഡ്രജൻ ഉല്പാദന പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## എനർജി മാനേജ്മെന്റ് സെന്റർ - കേരള

2810-00-104-98-36-05—<u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം - സഹായധനം - ശമ്പളേതരം - കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി</u> (പദ്ധതി)

കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയുടെ കീഴിൽ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2810-00-104-98—<u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം</u> (പദ്ധതിയേതരം)

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.0644 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും പരിഗണിക്കാനായി ബാക്കിയുണ്ടോ എന്ന് നിയമസഭാസെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി ചോദിക്കുകയും ഇനിയൊന്നും അവശേഷിക്കുന്നില്ലെന്ന് എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ മറുപടി നൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് പിരിഞ്ഞു.

# 6-3-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 മാർച്ച് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. എ. ബിനു., അണ്ടർ സെക്രട്ടറി.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.